ശ്രീമൂലരാജവിജയം

എന്ന

നമ്മുടെ ക്ഷേമാഭിവൃദ്ധിയുടെ
ചരിത്ര സംക്ഷേപം.

"നമ്മുടെ ചക്രവർത്തി"

"Jubilee Leaves" "A Brief Sketch of Travancore"
"Coronation Leaves", "The Industrial Outlook of Travancore."

മുതലായ ഗ്രന്ഥങ്ങളുടെ

കർത്താവായ

8M4 RAM.S-S
02373

എസ് [illegible] ഴുതിയതു.

TRIVANDRUM.

1903.

(Copy-right)

PREFACE.

SANKARA ... S ... R

This book is based on my larger work on Travancore (in English) published at the beginning of this year. It places on record a brief summary of the salient features of modern progress which is contemporaneous with the assumption of the direct Government of India by Her late illustrious Majesty, Victoria the Good, and the first Imperial Assemblage at Delhi for declaration of the same. The auspicious occasion of the 2nd Imperial Assemblage in connection with the Coronation of her son and successor, His Majesty King Edward VII, affords an opportunity of taking stock of the progress made during the period comprised within these two epoch-making events. And since, of the 26 years of which it is made up, eighteen years belong to His Highness the present Maharajah's most beneficent reign, the book is called after the name of His Highness who fulfils the tradition of His illustrious Royal House and combines at once in his own person "the virtues of an enlightened Ruler and a learned Statesman, a Patron of letters and Promoter of Science and Arts." The publication of the book on *this day* when the thoughts and feelings of the entire population are centred on His Highness, in view of the fact that His Highness enters upon the 47th year of his birth and the 19th year of his benevolent reign, may, in addition to being an avowal of gratitude and an expression of universal joy, be regarded as a keepsake from the manifold blessings the country has enjoyed under his peaceful sway. I cannot express better my most grateful and heartfelt acknowledgments to His Highness for the many acts of kindness graciously done to me, than by dedicating this book to His Highness the Maharaja. I am thankful to my former teacher, Mr. P. Aiyappan Pillai B. A., Educational Secretary to Government, for his uniform aid and advice in this as well as in other literary works I have published. My thanks are also due to Mr. Chithambara Vadhyar B. A., for his valuable assistance. I should not omit to thank the '*Malabar Mail*' Press for the neat and prompt execution of the work.

Trivandrum
28. 9. 03.

S. RAMANATH AIYER.

സംഗതിവിവരം.

൧ ശ്രീമൂലരാജവിജയം

൨ പൂർവ്വചരിത്രം

൩ രാജവംശം

൪ മഹാരാജാവിന്റെ ചരിത്രം

൫ രാജ്യഭരണം

നിയമനിർമ്മാണസഭ

൬ നിലംപുരയിടങ്ങളുടെ ഭരണം

വസ്തു അനുഭവക്രമങ്ങൾ

ജന്മികളും കുടിയാനവന്മാരും

കൃഷിവായ്പ

കരം ഒഴിവു

വിളത്തിനിരത്തൽ

കൃഷിപ്രദർശനങ്ങൾ

കുളച്ചുകൂട്ടൽ

മററു ഏർപ്പാടുകൾ

൭ വനം

ഏലക്കാ

൮ ഉപ്പ്, അവീൻ, പുകയില, കലാൽ

൯ നീതിഭരണം

പോലീസ്

ദണ്ഡനീതി

യൂറോപ്യൻ ബ്രിട്ടീഷ് പ്രജകൾ

ജയിൽ

ദുർന്നടപ്പരിഹാരപാഠശാല
വ്യവഹാരനീതി
രജിസ്ത്രേഷൻ
൧൦ ശുചീകരണവും ജനനമരണക്കണക്കും.
വൈദ്യം
൧൧ പൊതുവകമരാമത്തു
കാര്യനിർവ്വാഹകന്മാർ
കെട്ടിടങ്ങൾ
ഗതാഗതമാർഗ്ഗങ്ങൾ
പലവകപണികൾ
കൃഷിമരാമത്തു
കോതയാർപണി
റയിൽവെ
൧൨ വിദ്യാഭ്യാസം
സാമാന്യം
സ്ത്രീവിദ്യാഭ്യാസം
അദ്ധ്യാപകവൃത്തി
കൃഷിശാസ്ത്രാഭ്യാസം
കരകൌശലവിദ്യാശാല
സംസ്കൃതപാഠശാല
ലാകാളേജ്
സർവ്വേസ്കൂൾ
എഡ്യൂക്കേഷനൽബോർഡുകൾ
ലക്ച്ചർകമ്മിററി
പാഠപുസ്തകസംഘം
പുരാതനവസ്തുസംഗ്രഹണം
൧൩ സർക്കാർജീവനം
൧൪ ശുദ്ധേതര

H. H. SIR RAMA VARMA

Moolam Thirunal Maharajah of Travancore.

ശ്രീ.

പത്മനാഭദാസ വഞ്ചിപാല

സർ രാമവർമ്മ

കുലശേഖര കിരീടപതി

മന്നേസുൽത്താൻ

മഹാരാജ രാജെ രാമരാജാ

ബഹദൂർ ഷംഷെർ ജംഗ്

നൈററ് ഗ്രാണ്ഡ് കമ്മാണ്ഡർ ആഫ്

ദി മോസ്റ്റ് എക്സാൾട്ടെഡ്

ആർഡർ ആഫ് ദി

സ്റ്റാർ ആഫ് ഇൻഡ്യാ,

ജി. സി. ഐ. ഇ.

എഫ്. എം. യൂ. എം. ആർ. എ. എസ്സ്

ആഫിസിയർഡി. ല.

ഇൻസ്ട്രക്ക്ഷൻ പബ്ലിക,

തിരുവിതാംകൂർ

വലിയതമ്പുരാൻ തിരുമുമ്പാകെ

കല്പനപ്രകാരം ഠരം പുസ്തകത്തെ

ഭക്തിവിനയ ബഹുമാന പുരസ്സരം

സമർപ്പണം ചെയ്തിരിക്കുന്നു.

ശ്രീമൂലരാജവിജയം.

അഥവാ

നമ്മുടെ ക്ഷേമാഭിവൃദ്ധിയുടെ ചരിത്രസംക്ഷേപം

തിരുവിതാംകോട്ട ഒരു മാതൃകാ സംസ്ഥാനമാണെന്നു ഇൻഡ്യാ ഒട്ടുക്കു പ്രസിദ്ധമായ സംഗതിയാണ. ഈ സംസ്ഥാനത്തെക്കുറിച്ചുള്ള ഖ്യാതി ഇൻഡ്യക്കപുറമെ യൂറോപ്പിലെന്നുതന്നെയല്ല ലോകം ഒട്ടുക്കു പരന്നിട്ടുണ്ടു. ഈ ഖ്യാതി സംഭവിച്ചിട്ടുള്ളതു രാജ്യഭരണതന്ത്ര വിദഗ്ദ്ധതയൊടുകൂടി വാണുവന്ന മഹാരാജാക്കന്മാരുടെ സൽഗുണതല്ലരതകൊണ്ടാകുന്നു. ഈ രാജ്യത്തിൻെറ ചരിത്രം മൂന്നുഭാഗങ്ങളായി വിഭജിക്കപ്പെടാം. (൧) ആദിമകാലം. (൨) രാജ്യത്തിൻെറ ഏകീകരണകാലം. (൩) ക്ഷേമകാലം. പ്രജകളുടെ ക്ഷേമാഭിവൃദ്ധിക്കുള്ള ഏൎപ്പാടുകൾ ൧൦൩൩-ാമാണ്ടു മുതൽ ഉണ്ടായിതുടങ്ങിയിട്ടുണ്ടെന്നു വരികിലും മഹാരാജ്ഞി കഴിഞ്ഞുപോയ ശ്രീമതി വിക്ടോറിയ ഇൻഡ്യാ മഹാരാജ്യത്തിൻെറ ഭരണത്തെ നെരിട്ടു വഹിച്ച കാലംമുതൽക്കു ഇപ്പുറം നമ്മുടെ അഭിനവാഭിവൃദ്ധികാലം എന്നു ഗണിക്കാം. ൧൮൭൭ ജനുവരി ൧-ാംനു മഹാരാജ്ഞി ഇൻഡ്യാ ചക്രവൎത്തിനി എന്ന നവീനസ്ഥാനത്തെ സ്വീകരിക്കയും ഈ സുഹൃത്ബന്ധത്തെ പ്രകടീകരിക്കുന്നതിനു ഒരു വിളംബരം എഴുതിക്കയും അതിനെ ഇൻഡ്യയിലുള്ള രാജാക്കന്മാരെയും സ്വപ്രജകളെയും എല്ലായിടത്തും പ്രഥമഗണനീയന്മാരായ സകലരെയും ക്ഷണിച്ചു വരുത്തി ഡൽഹിയിൽവച്ചു കൂടപ്പെട്ട അത്ഭുതപൂൎവ്വമായ മഹാസഭയിൽ വച്ചു യഥാവിധി പ്രസിദ്ധമാക്കുകയും ചെയ്തിട്ടുള്ളതു എല്ലാവൎക്കും അറിയാമെല്ലൊ. അപ്പോൾ ബ്രിട്ടീഷ് രാജാവിനും തിരുമനസ്സിലെക്കും തമ്മിലുള്ള സ്നേഹബന്ധത്തിനു ഒരു ചിഹ്നമായി വൈസറായി മുഖാന്തിരം തിരുമനസ്സിലെക്കു സമ്മാനമായി മഹാരാജ്ഞി അയച്ച ഒരു കൊടിയെ സകല രാജ്യകാൎയ്യങ്ങളിലും ഇന്നും ഉപയോഗിച്ചു വരുന്നു. തിരുമനസ്സിൻെറ നേൎക്കു സ്നേഹയുക്തമായി അയക്കപ്പെട്ടതും തിരുമനസ്സിലെ രാജചിഹ്നംകൊണ്ടും

മഹാരാജ്ഞിയുടെ കിരീടംകൊണ്ടും വിഭൂഷിതവുമായ ഈ കൊടിയെ നമ്മുടെ അഭിനവാഭിവൃദ്ധിയുടെ ആരംഭത്തിനു മറെറാരു ചിഹ്നമെന്നു തീച്ചയായി പറയാം. അതുതുടങ്ങി വിക്ടോറിയാ മഹാരാജ്ഞി നാടുനീങ്ങിയതിന്റെശേഷം അവിടത്തെ പ്രഥമ പുത്രനും ബ്രിട്ടീഷ രാജ്യത്തിലെ യുവരാജാവുംആയ നമ്മുടെ ചക്രവത്തി എഡ്വെർഡ് ഏഴാമന്റെ സിംഹാസനാരോഹണം സംബന്ധിച്ച ഡൽഹിയിൽവച്ചു കൂടപ്പെട്ട രണ്ടാമത്തെ മഹാസഭ കൂടിയതുവരെ കഴിഞ്ഞിരിക്കുന്ന കാലത്തിനിടക്കു ഉണ്ടായിട്ടുള്ള പരിഷ്കാരാഭിവൃദ്ധിയുടെ ഒരു സംക്ഷേപ ചരിത്രം മേൽ വിവരിക്കപ്പെടുന്നതാകുന്നു. ഇതിൽ അടങ്ങീട്ടുള്ള ൨൭ വഷകാലത്തിൽ മുക്കാൽ ഭാഗവും നമ്മുടെ മഹാ രാജാവിന്റെ രാജ്യഭരണ കാലത്തിൽ ഉൾപ്പെട്ടിട്ടുള്ളതുകൊണ്ടും ഈ കാലത്തിനിടയ്ക്കു സംഭവിച്ചിട്ടുള്ള പ്രശസ്തങ്ങളും ഐശ്വര്യകരങ്ങളും ആയ സകല സംഭവങ്ങൾക്കും അവിടുന്നു നിസ്സംശയം ഹേതുഭൂതനായിരിക്കുന്നതുകൊണ്ടും ഈ പ്രബന്ധത്തെ "ശ്രീമൂലരാജവിജയം" എന്നു അഭിധാനം ചെയ്യുന്നതു അവിഹിതമായിരിക്കയില്ലെന്നും പ്രത്യുത, സവ്വജനസമ്മതമായിരിക്കുമെന്നും വിശ്വസിക്കുന്നു.

പൂവ്വചരിത്രം.

തിരുവിതാംകൂർ സംസ്ഥാനത്തിന്റെ പൂവ്വകാല ചരിത്രം പ്രായശഃ ഇതിഹാസ രൂപമായിരിക്കുന്നു ഈ സംസ്ഥാനത്തിലെ രാജവംശം ദക്ഷിണദേശത്തിനു തെക്കുള്ള രാജ്യങ്ങളെ ഭരിച്ചുവന്ന മൂന്നു പ്രധാന വംശങ്ങളിൽ ഒന്നായ ചേരവംശത്തിൽ ചേന്നതാണെന്നുള്ളതിനു സംശയമില്ല. തിരുവിതാംകോട്ടു രാജാവിനു ചേന്നതായരാജ്യം ഇപ്പോൾ ഉള്ളതിലും കൂടതലായ പ്രദേശങ്ങളെ വ്യാപിച്ചിരുന്നു എന്നുള്ളതു ഈയിടെ അറിയപ്പെട്ടിട്ടുള്ള ഗ്രന്ഥാവശിഷ്ടങ്ങളിലും ശിലാലിഖിതങ്ങളിലും നിന്നുംമററും വ്യക്തമാകുന്നു. തിരുവിതാംകോട്ടിലെ മഹാരാജാവിനു തെക്കെ ഇൻഡ്യാ മുഴുവനും അധികാരം ഉണ്ടായിരുന്നു എന്നു പോൎത്തുഗീസ്സ് പാതിരിയായ ഫ്രാൻസിസ് സെവിയർ (Francis Xavier) അദ്ദേഹത്തിന്റെ ലേഖനങ്ങളിൽ ഒന്നിൽ പ്രസ്താവിച്ചിരിക്കുന്നു. ൧൬-൦൦ വഷശതത്തിന്റെ ആദികാലത്തിൽ ഒരു തി

തിരുവിതാംകോട്ട രാജാവു പാണ്ഡ്യന്മാരെയും ചേരന്മാരെയും കേരളീയൎക്ക അധീനരാക്കിയതായി കാണുന്നു. എന്നാൽ അതിൽ പിന്നീടുണ്ടായ യുദ്ധങ്ങളിൽ പശ്ചിമ പൎവ്വതങ്ങളുടെ കിഴക്ക ഭാഗമുള്ള രാജ്യങ്ങൾ തിരുവിതാംകോട്ട രാജാവിനു നഷ്ടമാകയും ഈ യുദ്ധങ്ങൾക്കിടയിൽ ഈ സംസ്ഥാനത്തിൽ ചേൎന്ന അനേകം ഇടപ്രഭുക്കന്മാർ മഹാരാജാവിന്റെ ആധിപത്യത്തെ ലംഘിച്ചു സ്വതന്ത്ര രാജാക്കന്മാരായി തീരുകയും ചെയ്തു. പശ്ചിമ പൎവ്വതത്തിനു കിഴക്കുള്ള രാജ്യങ്ങളെ വീണ്ടെടുക്കുന്നതിനു യാതൊരു ശ്രമവും ചെയ്തിട്ടുള്ളതായി കാണുന്നില്ല. എന്നാൽ ഈ സംസ്ഥാനത്തിനകത്തുള്ള ഇടപ്രഭുക്കന്മാർ കീഴടക്കപ്പെടുകയും ഇപ്പോഴത്തെ അതൃത്തികൾക്ക അടങ്ങീട്ടുള്ള സംസ്ഥാനം മുഴുവനും മാൎത്താണ്ഡവൎമ്മ മഹാരാജാവിന്റെ കാലത്തിൽ (൧൭൨൯-൧൭൫൮) ഒന്നായി ചേൎക്കപ്പെട്ടു ഒരെ രാജ്യാധിപത്യത്തിൻ കീഴിൽ കൊണ്ടുവരികയുംചെയ്തു.

പുരാതന റൊമാക്കാരുടെ കാലത്തുതന്നെയും യൂറോപ്പു ദേശത്തിനും തിരുവിതാംകോട്ടിനും തമ്മിൽ കച്ചവടസംബന്ധം ഉണ്ടായിരുന്നതായി കാണപ്പെടുന്നു. സിൻബാദ് (Sinbad) എന്ന പ്രസിദ്ധനായ കപ്പലോടിയുടെ കാലത്തിനുമുമ്പിൽ തുടങ്ങി റൊമാക്കാരുടെ കാലത്തോളവും കുരുമുളകു കച്ചവടം തുടങ്ങിട്ടുള്ളതായിരുന്നുഎന്നും സർഹണ്ടർ പ്രസ്താവിച്ചിരിക്കുന്നു. കെപ്പ് ആഫ് ഗുഡ് ഹൊപ്പുവഴി ഇൻഡ്യക്ക വരാനുള്ള മാൎഗ്ഗം അറിയപ്പെട്ടതൊടുകൂടി മററ യൂറൊപ്യൻജാതിക്കാർ ആദ്യമായി പൊൎട്ടുഗീസ്സുകാരും പിന്നീടു ഡെച്ചുകാരും പിന്നീടു ഇംഗ്ലീഷുകാരും ഇൻഡ്യയിൽ വന്നുചേൎന്നു. ഇംഗ്ലീഷുകാർ ആദ്യമായി കുടിയേറി പാൎത്തതു തിരുവനന്തപുരത്തിനു എതാനും നാഴിക വടക്ക അഞ്ചുതെങ്ങിൽ ആയിരുന്നു. ൧൬൮൪-ാം വൎഷത്തിൽ തിരുവിതാംകൂർ രാജാവിന്റെ അനുവാദത്തോടുകൂടി അവർ അവിടെ ഒരു കച്ചവടശാലകെട്ടി.

ആദ്യം പ്രസ്താവിച്ച രണ്ടു ദേശക്കാൎക്കും ഈ സംസ്ഥാനത്തിനും തമ്മിൽ കെവലം കച്ചവട വിഷയമായ സംബന്ധം മാത്രമെ ആദ്യംമുതൽ ഇതെവരെ ഉണ്ടായിട്ടൊള്ളു. എന്നാൽ

ഇംഗ്ലീഷുകാരുമായുള്ള സംബന്ധം ആദ്യകാലത്തിൽ കച്ചവടവിഷയമായിരുന്നു എന്നുവരികിലും ഈ സംസ്ഥാനത്തിനു ചിരമായ നന്മക്കായി രാജ്യഭരണ വിഷയത്തിലുള്ള സംബന്ധമായി ഈശ്വര കാരുണ്യത്താൽ പരിണമിച്ചു. ൧൮-ാം ശതവർഷത്തിന്റെ മദ്ധ്യകാലത്തിൽ തിരുനൽവേലിയിലും മധുരയിലും ബഹുമാനപ്പെട്ട ഈസ്റ്റിൻഡ്യ കമ്പനിക്കാർ നടത്തിവന്ന യുദ്ധങ്ങളിൽ ഈ സംസ്ഥാനത്തുനിന്നു ബ്രിട്ടീഷ്കാർക്കു വളരെ സഹായം ചെയ്തിട്ടുണ്ടു. ഈസ്റ്റിൻഡ്യാ കമ്പനിക്കാർക്കും മൈസൂർ രാജ്യത്തിനും തമ്മിൽ യുദ്ധം ആരംഭിച്ചപ്പോൾ തിരുവിതാംകോട്ടു രാജാവു ബ്രിട്ടീഷുകാരുടെ ഉത്തമ ബന്ധുക്കളിൽ ഒരാളായി ഗണിക്കപ്പെടുകയും ഈസ്റ്റിൻഡ്യാ കമ്പനിക്കാർക്കും മൈസൂരിലെ സുൽത്താനിനും തമ്മിൽ ൧൭൯൨-ാം വർഷത്തിൽ ഉണ്ടായ ഉടമ്പടിയിൽ അപ്രകാരം ഉൾപ്പെടുത്തപ്പെടുകയും ചെയ്യപ്പെട്ടിരുന്നു.

ഈ സംസ്ഥാനത്തെ ടിപ്പുസുൽത്താൻ ആക്രമിക്കാൻ ഇടവരാതെ ഇരിക്കുന്നതിലേക്കായി ൧൭൮൮-ാം വർഷത്തിൽ ഒരേറ്പ്പാടു ചെയ്തു. ഇതനുസരിച്ചു കമ്പെനിവക എതദ്ദേശീയ പദാതികൾ ചേന്ന രണ്ടുപട്ടാളങ്ങൾ ഈ സംസ്ഥാനത്തിലെ ചിലവിന്മേൽ അതൃത്തി സ്ഥലങ്ങളിൽ യുദ്ധമില്ലാത്ത കാലങ്ങളിൽ താമസിപ്പിക്കുന്നതിനും ശത്രുവിന്റെ കൌശലങ്ങൾ ഫലപ്പെടാതെയിരുത്താനായി അതൃത്തി സ്ഥലങ്ങളെ അധികം ബലമാക്കുന്നതിനായി യൂറോപ്യൻ പട്ടാളവും നാട്ടുകാരുടെ പട്ടാളവും കൂടുതലായി ആവശ്യപ്പെടുന്നതാണെങ്കിൽ അവയെ മുഴുവനും കമ്പെനിയാരുടെ ചിലവിന്മേൽതന്നെ സ്ഥാപിക്കുന്നതിനും കമ്പെനിയാർ സമ്മതിച്ചിരുന്നു.

൧൭൯൫-ാം വർഷത്തിൽ കമ്പനിയാർക്കും തിരുവിതാംകൂർ രാജാവിനും തമ്മിൽ ക്രമമായ സമാധാന ഉടമ്പടി ചെയ്യപ്പെട്ടു. വിദേശീയന്മാരായ ശത്രുക്കളിൽനിന്നും തിരുവിതാംകോട്ടു സംസ്ഥാനത്തെ രക്ഷിക്കുന്നതിനായിട്ടു മൂന്നുപട്ടാളം നാട്ടു ശിപായിമാരും ഒരു കമ്പിനി യൂറോപ്യൻ പീരങ്കി പട്ടാളവും രണ്ടുകമ്പിനി ലാസ്കർ പട്ടാളവും രാജാവിന്റെ യുക്തം

ം പോലെ ഈ സംസ്ഥാനത്തിലെ മററുവല്ല സ്ഥലത്തിലൊ സദാ സ്ഥാപിച്ചിരിക്കുന്നതിലെക്കു വേണ്ടചിലവു ആണ്ടുതോറും രാജാവു കൊടുക്കുന്നതായാൽ കംപനിയാർ വിദേശിയന്മാരായ ശത്രുക്കളിൽനിന്നു തിരുവിതാംകോട്ടിനെ രക്ഷിച്ചുകൊള്ളാമെന്നും രാജ്യത്തെ രക്ഷിക്കുന്നതിനായി ഇതിലും കൂടുതലായ സൈന്യം ആവശ്യപ്പെടുന്നതായാൽ കംപനിയാരിടെ ചിലവിന്മേൽ തന്നെ അവർ വരുത്തികൊള്ളാമെന്നു കംപെനിയാരും ആവശ്യമുള്ളപ്പോൾ തന്റെ സൈന്യങ്ങളെകൊണ്ടു കംപെനിയാരെ സഹായിക്കാമെന്നും കംപെനിയാരിടെ അനുവാദംകൂടാതെ മററു യൂറോപ്യൻ ജാതിക്കാരുമായി യാതൊരു ഉടമ്പടിയും ചെയ്യാതിരിക്കാമെന്നു രാജാവും ഈ ഉടമ്പടിയാൽ സമ്മതിച്ചിരുന്നു. തിരുവിതാംകോട്ടിലെ സൈന്യംകൊണ്ടു കംപെനിയാരെ സഹായിക്കേണ്ടതായ നിർബന്ധത്തിനു പകരം ഒരു നാട്ടുപട്ടാളത്തിന്റെ സംരക്ഷണത്തിനു വേണ്ടചിലവുകൊടുത്താൽ മതി എന്നു ഇതിൽപിന്നീടു ൧൮൦൫-ാം വർഷത്തിലുണ്ടായ ഉടമ്പടിയാൽ നിശ്ചയിക്കപ്പെട്ടു. ഈ തുകയും മുമ്പിലത്തെ ഉടമ്പടി അനുസരിച്ചു ഈ രാജ്യത്തിൽ സ്ഥാപിക്കപ്പെട്ടതായ സൈന്യത്തിലെക്കായി കൊടുക്കേണ്ടതുകയുംകൂടി ആണ്ടൊന്നുക്കു എട്ടുലക്ഷം രൂപായാണ്; ഈ സന്ധിയാൽ വിദേശിയന്മാരിടെ ആക്രമണത്തിൽനിന്നു പൂർണ്ണമായും സ്ഥിരമായും ഉള്ള രക്ഷയും. വിദേശിയ ആക്രമണത്തിന്റെ അഭാവവും ഈ സംസ്ഥാനത്തെക്കു നിശ്ചയമാക്കപ്പെട്ടതോടുകൂടി സമാധാനകാലങ്ങളിലുള്ള ഗുണങ്ങളെ പരിശീലിക്കുന്നതിനുള്ള അവസരവും സ്വാതന്ത്ര്യവും ഈ സംസ്ഥാനത്തിനു സിദ്ധിച്ചു. ഇതിനുമേലുള്ള ഈ സംസ്ഥാനത്തിലെ ചരിത്രം സമാധാനത്തെയും മേൽക്കുമേൽ ഐശ്വര്യാഭിവൃദ്ധിയേയും പ്രദർശിപ്പിക്കുന്ന ഒരു പ്രബന്ധമാകുന്നു.

രാജവംശം

തിരുവിതാംകൂർ സംസ്ഥാനത്തിലെ ജനങ്ങളിൽ നേർപകുതിയിലധികം ഉള്ളവരായ മലയാളികളിടെ ദായക്രമമായ മരുമക്കത്തായംതന്നെ രാജവംശത്തിന്റെയും ദായക്രമം. അതുകൊണ്ടു സഹോദരികളൊ ഭാഗിനേയികളൊ ഇല്ലാതിരുന്നാൽ

വംശക്ഷയമാകുന്ന ആപത്തു സംഭവിക്കയും വംശോദ്ധാരണത്തിനായി ദത്തെടുക്കേണ്ടതു ആവശ്യമായും ഭവിക്കുന്നു. കേരളത്തിൽ സ്ഥാപിതമായ മൂല ചേരവംശത്തിന്റെ ഒരു ശാഖയായ കോലത്തുനാട്ടു വംശത്തിൽനിന്നു ഈ രാജവംശത്തിൽ ദത്തു സാധാരണമായി എടുക്കപ്പെട്ടുവരുന്നു. ഈ വംശത്തിന്റെ ചില ശാഖകളായ മാവേലിക്കര കുടുംബക്കാർ മുതലായവർ തിരുവിതാംകോട്ടു സംസ്ഥാനത്തിൽനിന്നും കുടിയേറി സ്ഥിരവാസികളായിട്ടുണ്ടു. ഈ രാജവംശത്തിൽ ഓരോകാലങ്ങളിൽ ദത്തുകൾ നടത്തപ്പെട്ടിട്ടുണ്ടു. സാധാരണമായി സ്ത്രീകളാണു ദത്തെടുക്കപ്പെട്ടിട്ടുള്ളതു. ൯൬൩-ാം വർഷത്തിൽ രണ്ടു രാജകന്യകൾ ദത്തെടുക്കപ്പെട്ടു. ഇവരിൽ മൂത്തവൾക്കു ലക്ഷ്മിബായി എന്നും പാർവതിബായി എന്നും രണ്ടുപുത്രിമാർ ഉണ്ടായിരുന്നു. ലക്ഷ്മിബായിക്കു രുക്മിണിബായി എന്ന പുത്രിയും രണ്ടുപുത്രന്മാരും ഉണ്ടായിരുന്നു. ഈ രണ്ടുപുത്രന്മാർ ൲൪-ൻ മുതൽ ൲൩൫ വരെ ഈ സംസ്ഥാനത്തെ ഭരിച്ചുവന്നു. രുക്മിണിബായിക്കു ൪ പുത്രന്മാരും ലക്ഷ്മിബായി എന്ന ഒരു പുത്രിയും ഉണ്ടായിരുന്നു. രുക്മിണിബായിയുടെ ൪ പുത്രന്മാരിൽ രണ്ടുപേർ ൲൩൫-ാം വർഷം മുതൽ ൲൬൦-ാം വർഷംവരെ തിരുവിതാംകോട്ടിലെ മഹാരാജാക്കന്മാരായിരുന്നു. വിദുഷിയായ ലക്ഷ്മിബായി ഇപ്പോഴത്തെ മഹാരാജാവിന്റെ ജനനി ആകുന്നു.

മഹാരാജാവിൻെറ ചരിത്രം.

വലിയതമ്പുരാൻ തിരുമനസ്സുകൊണ്ടു ൲൩൨-ാം വർഷം സെപ്ടമ്പർമാസം ൨൫-നു ജനിച്ചു. തിരുമനസ്സുകൊണ്ടു ഇംഗ്ലീഷ് അഭ്യസിച്ചതു മദ്രാസ് യൂനിവെർസിററിയിൽ ബി- എ- പരീക്ഷജയിച്ച ഒരാളുടെ കീഴിലും ഇവിടത്തെ കാളേജിലെ പ്രിൻസിപ്പാലായിരുന്ന പ്രോഫ്സർറാസ്സ് എന്ന വിഖ്യാതവിദ്യാവിശാരദന്റെ പരിശോധനയിലും ആയിരുന്നു. തിരുമനസ്സുകൊണ്ടു സംസ്കൃതഭാഷയും മലയാളവും തമിഴും ഹിന്തുസ്താനിയും അഭ്യസിച്ചിട്ടുണ്ടു.

തിരുമനസ്സിലേക്കു യൂറോപ്യൻ സംഘത്തോടു ചേർന്നിരിക്കുന്നതിനു ആബാല്യപ്രിയം ഉണ്ടായിരുന്നു. പുരുഷാ

ഢമായ അനേകവിധം ഖേലനങ്ങളിൽ തിരുമനസ്സുകൊണ്ടു ചേരുകയും അവയിലുള്ള സുഖത്തെ അനുഭവിക്കയും ചെയ്യുവന്നു. ഇംഗ്ലീഷ്കാരുടെ സംഗീതത്തിൽ ഒള്ള വാസനയെ തിരുമനസ്സുകൊണ്ടു പരിശീലിച്ചു. യൂറോപ്യർമാതിരിയിലുള്ള ജീവതക്രമത്തെക്കുറിച്ചു തിരുമനസ്സിലെക്കു പ്രിയം ഉണ്ടായിരുന്നു എന്നുവരികിലും ഈ സംസ്ഥാനത്തിലെ ആചാരങ്ങളെ വളരെ നിഷ്ഠയോടു ആദരിച്ചുവരുന്നു. പൂർവന്മാരുടെ മതത്തിൽ വിധിക്കപ്പെട്ടിട്ടുള്ളതും രാജവംശത്തിലെ പുരാതനാചാരങ്ങളിൽ ഉൾപ്പെട്ടിട്ടുള്ളതും ആയ എല്ലാ അടിയന്ത്രങ്ങളെയും ആചാരങ്ങളെയും തിരുമനസ്സുകൊണ്ടു നിഷ്കൃഷ്ടയായി ആചരിച്ചുവരുന്നു.

തിരുമനസ്സുകൊണ്ടു ൨൮-ാമത്തെ തിരുവയസ്സിൽ ൧൮൮൫-ാം വർഷം ആഗസ്റ്റ് മാസം ൧൯-ാംനു- സിംഹാസനാരോഹണംചെയ്തു ഇപ്പോൾ രാജ്യഭാരംചെയ്തുവരുന്നു. തിരുമനസ്സുകൊണ്ടു അനേകംതവണ ബ്രിട്ടീഷ് ഇൻഡ്യയിൽ സഞ്ചരിക്കയും ഈ സംസ്ഥാനത്തിനു പുറമെയുള്ള അനേകം വിഖ്യാതപുരുഷന്മാരുമായി പരിചയപ്പെടുന്നതിനു മാത്രമല്ലാ ബ്രിട്ടീഷ് ഇൻഡ്യയിലുള്ള അനേകം ഏർപ്പാടുകളെ നടത്തിപ്പോരുന്നവിധം സൂക്ഷ്മമായി കണ്ടറിഞ്ഞു പഠിക്കുന്നതിനും ദേശസഞ്ചാരത്താൽ ലബ്ധമായ ഒരു അവസരത്തെ പൂർണ്ണമായി ഗുണപ്രദമാക്കുകയും ചെയ്തിട്ടുണ്ടു.

൧൮൮൮-ാം വർഷത്തിൽ ഇൻഡ്യാ ചക്രവർത്തിനിയായ മഹാരാജ്ഞി അവർകൾ നൈററ ഗ്രാൻഡ് കമ്മാൻഡർ ആഫ ദി മൊസ്റ്റു എക്സാൾട്ടഡ് ആഡർ ആഫ് ദി സ്റ്റാർ ആഫ് ഇൻഡ്യാ എന്ന സ്ഥാനം തിരുമനസ്സിലെക്കു സന്തോഷപൂർവം നൽകി ൧൮൯൩-ാം വർഷത്തിൽ മദ്രാസ് യൂനിവെർസിററിയിലെ ഒരു സാമാജികസ്ഥാനവും ൧൮൯൫ൽ ലണ്ടനിലുള്ള റായൽ ഏഷ്യാററിക് സൊസയററിയുടെ ഒരു സാമാജികസ്ഥാനവും തിരുമനസ്സിലേക്കു ലഭിച്ചു. തിരുമനസ്സിലേക്കു ബഹുമാനമായി ൧൯ ആചാരവെടികൾ മുമ്പിനാലെ ഉണ്ടായിരുന്നതോടുകൂടി തിരുമനസ്സിലെക്കു പ്രത്യേകമായ ഒരു ബഹുമാനമായി രണ്ടുവെടുകൂട്ടി ൨൧- ആചാരവെടിവെച്ചുകൊള്ളുന്നതിനു ൧൮൯൦-ാമാണ്ടു

ജനുവരിമാസത്തിൽ ഇൻഡ്യാചക്രവൎത്തിനിയായ മഹാരാജ്ഞി ആജ്ഞാപിച്ചു. അതേകാലത്തിൽതന്നെ ഫ്രഞ്ച് അക്കാഡമി എന്ന വിദ്വത്സഭയിൽനിന്നു "ആഫിസർ ഡിലാ ഇൻസ്ട്രക്ഷൻ പബ്ളിക്കു" അതായതു വിദ്യാപ്രചാര ധുരന്ധരൻ എന്ന സ്ഥാനവും തിരുമനസ്സിലേക്കു ലഭിച്ചു. കഴിഞ്ഞാണ്ടു ജി- സി- ഐ- ഈ- എന്ന സ്ഥാനം കിട്ടിയതും ചരിത്രാൎഹമാണല്ലോ.

രാജ്യഭരണം.

ഇതിനുമുമ്പിൽ പ്രസ്താവിച്ചിട്ടുള്ളതുപോലെ ൲൪൰ാം വൎഷത്തിലെ ഉടമ്പടി ഐശ്വൎയ്യാഭിവൃദ്ധികരമായ കാലത്തെ ജനിപ്പിച്ചു. ഓരോ തമ്പുരാന്റെ രാജ്യഭാരകാലവും രാജ്യഭരണ വിഷയത്തിലും പ്രജകളുടെ ക്ഷേമാഭിവൃദ്ധിയിലും സ്ഥിരമായ അഭിവൃദ്ധിയോടു കൂടിയായിരുന്നു. ഇപ്പോഴത്തെ വലിയ തമ്പുരാന്റെ പൂൎവ്വന്മാരായ രണ്ടുമഹാരാജാക്കന്മാരുടെ കാലത്തു (൲൩൰൫ാമാണ്ടുമുതൽ ൲൬൰ാമാണ്ടുവരെ) രാജ്യഭരണതന്ത്രം ഒരു പുത്തനായ നാഗരീകത്തോടുകൂടിയവിധത്തിൽ ഉടച്ചുവാൎക്കപ്പെട്ടു. ഈ കാലം ഉപയുക്തപരിഷ്കരണങ്ങളായ അനേകം ഏൎപ്പാടുകളുടെ ജനനകാലമായിരുന്നു. ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനു ഒരു ഡിപ്പാൎട്ടുമെന്റു ഏൎപ്പെടുത്തുകയും, റവന്യൂ, പോലീസു, ജുഡിഷ്യൽ ഈ ഡിപ്പാൎട്ടുമെന്റുകളെ പുതിയമാതിരി പരിഷ്കരിക്കയും ഒരു കാളേജ് സ്ഥാപിക്കയും, പ്രാഥമിക വിദ്യാഭ്യാസത്തിനും ഉന്നത വിദ്യാഭ്യാസത്തിനും വേണ്ട ഏൎപ്പാടുകൾ ചെയ്കയും കാഴ്ചബങ്കളാവും ഹജൂർ കച്ചേരിമുതലായ കെട്ടിടങ്ങൾ കെട്ടുകയും വൎക്കലക്കുന്നിനെതുരന്നു തിരുവിതാംകോട്ടിനും കൊച്ചിക്കും തമ്മിൽ തുടൎച്ചയായും തടസ്ഥമില്ലാത്തതുമായ ജലസഞ്ചാരമാൎഗ്ഗത്തെ ഉണ്ടാക്കുകയും അനേകം ആറുകളിൽ പാലംകെട്ടുകയും കൃഷിക്കു ഉപയോഗമായ അനേകം പണികളെ പൂൎവ്വസ്ഥിതിയിൽ നന്നാക്കുകയും പുത്തനായി ഏൎപ്പെടുത്തുകയും സൎക്കാർ പാട്ടവസ്തുക്കളിന്മേൽ കുടികൾക്കു ഉടമസ്ഥാവകാശം കൊടുക്കുകയും ദോഷകരങ്ങളായ അനേകവിധം കരങ്ങളെയും പൊറുപ്പെട്ടവൎക്കു അത്യുപദ്രകരമായിരുന്ന ഏതാനം ഊഴിയങ്ങ

മേയും നിരത്തൽചെയ്കയും പബ്ലിക്ക റോസ്സുകളിലും രാജമാൎഗ്ഗങ്ങളിലും കച്ചേരിമുതലായ സ്ഥലങ്ങളിലും കീഴ്ജാതിക്കാൎക്ക കേറാൻ പാടില്ലെന്നുള്ള പൂൎവ്വാചാരത്തെ ഇല്ലാതെ ആക്കുകയും സംസ്ഥാനം ഒട്ടുക്ക സൎവ്വേയും കണ്ടെഴുത്തും നടത്താൻ ഏൎപ്പാട ചെയ്കയും ചെയ്തിട്ടുള്ളതു ഈ കാലത്തിനിടക്ക ആരംഭിക്കപ്പെട്ട പരിഷ്കാരങ്ങളിൽ ചിലവയായിരുന്നു.

തിരുമനസ്സിലേക്ക മുമ്പു രാജ്യഭാരംചെയ്ത മഹാരാജാക്കന്മാരാൽ ആരംഭിക്കപ്പെട്ട ഏൎപ്പാടുകൾ ഈ തിരുമനസ്സിലെ രാജ്യഭാരകാലത്തിനിടക്ക പൂൎണ്ണമാക്കപ്പെട്ടു. അനേകം ഏൎപ്പാടുകളിൽ കൂടുതൽ ചെയ്യപ്പെട്ടു.

രാജ്യഭരണവിഷയത്തിൽ തിരുമനസ്സു വഹിക്കുന്നഭാരവും അംശവും വലുതാകുന്നു. തിരുമനസ്സിലെ ആജ്ഞക്കായി അയക്കപ്പെടുന്ന ലേഖനക്കൂട്ടങ്ങളെ തീൎച്ചപ്പെടുത്തുന്നതിനായി തിരുമനസ്സുകൊണ്ടു ദിവസേന അനേകം മണിക്കൂർനേരം വിനിയോഗിക്കുന്നു. പ്രജാക്ഷേമ സംബന്ധമായ സകല കാൎയ്യങ്ങളിലും തിരുമനസ്സുകൊണ്ടു വലുതായ താല്പൎയ്യവും ആദരവും പ്രദൎശിപ്പിക്കുന്നുണ്ടെന്നും രാജ്യഭരണ യന്ത്രത്തിന്റെ ഓരോ അംശത്തിന്റെയും വിവരങ്ങളെക്കുറിച്ചു തിരുമനസ്സിലേക്ക സൂക്ഷ്മമായ പരിജ്ഞാനമുണ്ടെന്നും ഉള്ളതു പ്രസിദ്ധമാകുന്നു. ഈ സംഗതിയെക്കുറിച്ചു മദ്രാസ് ഗവൎമ്മേന്റിൽനിന്നും പതിവായി ആവൎത്തിച്ചു ശ്ലാഘിക്കയും ചെയ്യുന്നുണ്ടു. പൊതുജനോപയോഗങ്ങളായ അനേകം ഏൎപ്പാടുകൾ നല്ലവിധത്തിൽ രാജ്യഭാരം ചെയ്യണമെന്നു തിരുമനസ്സിലേക്ക മേല്ക്കുമേലുള്ള ഉൽകണ്ഠയിൽനിന്നും ജനിച്ചവയാകുന്നു. ഈ ഏൎപ്പാടുകൾ ഈ രാജ്യത്തിലുള്ള ഉപവാത്തികളേയും വിഭവങ്ങളേയും വികസിപ്പിക്കുന്നതിലും പ്രജകളുടെ ശ്രേയസ്സിനെ അഭിവൃദ്ധിയാക്കുന്നതിലും തിരുമനസ്സിലേക്കുള്ള സ്ഥായിയായ താല്പൎയ്യത്തിന്റെ മുദ്രകളെ വഹിച്ചിരിക്കുന്നു.

നിയമനിൎമ്മാണ സഭ.

൧൮൮൮-ാം വൎഷംവരെ നിയമങ്ങൾ ഉണ്ടാക്കുന്ന ജോലി മററ ഗവൎമ്മേൻറുകൾ എന്നപോലെ ഹജൂരിൽനിന്നുംത

ന്നെ നടത്തപ്പെട്ടുവന്നു. ഇപ്പോൾ ഇതിനായി നിയമനിർമ്മാണസഭ ഏർപ്പെടുത്തപ്പെട്ടിട്ടുണ്ടു, ഇതുകൊണ്ടു ഓരോ നിയമത്തിന്റെയും ഗുണദോഷങ്ങളെ പരസ്യമായി ഗുണദോഷവിചിന്തനം ചെയ്യുന്നതിനും വേണ്ടപോലെ പര്യാലോചിക്കുന്നതിനും ഉള്ള അവസരം ലഭിച്ചിട്ടുണ്ടു. ഒരു ഏർപ്പാടിനെ സഭയിൽനിന്നും നിയമമാക്കി അനുവദിക്കുംമുമ്പു ആദ്യമായി അതിന്റെ നക്കലിനെ ഗസററിൽ പ്രസിദ്ധപ്പെടുത്തുകയും പ്രസിദ്ധപ്പെടുത്തിയതിന്മേൽ പൊതുജനങ്ങളുടെ അഭിപ്രായത്തെ ക്ഷണിച്ചുവരുത്തുന്നതിനുള്ള ഏർപ്പാടുചെയ്യുകയും പതിവാണ്. ഈ സഭ ഏർപ്പെടുത്തീട്ടുള്ളതു ൧൮൬൧-ാം വർഷത്തിലെ ഇൻഡ്യൻ കൌൺസിൽസ് ആക്ടിന്റെ രീതിയിൽ എഴുതപ്പെട്ടിട്ടുള്ള ൧൦൬൩-ാമാണ്ടത്തെ ൧-ാം റിഗുലേഷൻ അനുസരിച്ചാണു. സഭ ഒരു പ്രസിഡൻറും ൮ൽ കുറയാതെയും ൧൫ൽ കവിയാതെയും സാമാജികന്മാരും ചേർന്നിട്ടുള്ളതായിരിക്കുന്നു. ഈ സാമാജികന്മാരിൽ ൨/൫ൽകുറയാതെ എണ്ണം സർക്കാർ ജീവനക്കാരല്ലാത്തവരായിരിക്കണമെന്നും ഏർപ്പാടുണ്ടു. സർക്കാർ ജീവനക്കാരല്ലാത്തവരെ സാമാജികന്മാരായി നിയമിക്കുന്നതിൽ ജനങ്ങൾതന്നെ അവരിടെ പ്രതിനിധികളെ തിരിഞ്ഞു എടുക്കുന്നതിനു ഏർപ്പാടുചെയ്യാൻവേണ്ട സൌകര്യങ്ങൾ ഈ സംസ്ഥാനത്തിൽ ഉണ്ടാകുമ്പോൾ അങ്ങിനെ ചെയ്യാമെന്നു ഈ റിഗുലേഷനിൽ വ്യവസ്ഥചെയ്തിട്ടുണ്ടു.

ഒരു ബില്ലിനെ സഭയിൽ പ്രയോഗിച്ചു ഗുണദോഷവിവേചനംചെയ്തു അനുവദിക്കുന്നതുവരെ ഉണ്ടാകുന്ന താമസംകൂടി പാടില്ലാത്ത ഉടൻതന്നെ അടിയന്ത്ര സംഗതികൾക്കു ഒരു ഏർപ്പാടു നിശ്ചയിക്കേണ്ടിയിരുന്നാൽ ദിവാൻ അതിലേക്കു ഒരു റിഗുലേഷൻ തയാറാക്കി മഹാരാജാവിന്റെ അനുമതിക്കായി അയക്കുന്നതിനു അധികൃതനാക്കപ്പെട്ടിരിക്കുന്നു. എന്നാൽ ആ റിഗുലേഷൻ ആറുമാസകാലത്തേക്കുമാത്രമെ സാധുവായിരിക്കയുള്ളൂ. മറെറല്ലാ പ്രധാനസംഗതികളിലും എന്നപോലെ നിയമം ഉണ്ടാക്കുന്ന സംഗതിയിലും ബ്രിട്ടീഷ് റസിഡൻറുമായി ധാരം

ളം ആലോചിക്കയും അദ്ദേഹത്തിന്റെ അഭിപ്രായത്തിനേയും ഗുണദോഷത്തേയും യഥായോഗ്യം സ്വീകരിക്കയും ചെയ്യുന്നുണ്ടു.

നിലം പുരയിടങ്ങളിടെ ഭരണം.

നിലം പുരയിടങ്ങളിടെ മുതലെടുപ്പുവകക്കായി ഠരം സ്ഥാനത്തെ നാലു ഡിവിഷനായി വിഭാഗിച്ചിരിക്കുന്നു. ഇവയിൽ ഓരോന്നു "ദിവാൻപേഷ്കാർ" എന്നു വിളിക്കപ്പെടുന്ന ഒരു ഉദ്യോഗസ്ഥന്റെ വരുതിയിൻകീഴിലിരിക്കുന്നു. ഠരം ഓരോ ഉദ്യോഗസ്ഥനും ഡിസ്ത്രിക്റ്റു മജിസ്ത്രേട്ടിന്റെ അധികാരം വഹിക്കുന്നു. ഓരോ ഡിവിഷനും ഓരോ തഹശീൽദാരന്മാരിടെ വരുതിയിൻ കീഴിലുള്ള താലൂക്കുകളായി വിഭജിക്കപ്പെട്ടിരിക്കുന്നു. തഹശീൽദാർ താലൂക്കിലെ മജിസ്ത്രേട്ടുമാകുന്നു. ആകെ ൩൨ താലൂക്കുകൾ ഉണ്ടു. ഓരൊ താലൂക്കും പ്രവൃത്തികളായി വിഭജിക്കപ്പെട്ടിരിക്കുന്നു. ഠരം പ്രവൃത്തി നിലം പുരയിടങ്ങളിലെ മുതലെടുപ്പു കാൎയ്യങ്ങൾക്കുള്ള എത്രയും ചെറിയദേശ വിഭാഗമാകുന്നു. ആകെ ൨൭൭ പ്രവൃത്തികൾ ഉണ്ടു. പ്രവൃത്തിയുടെ മേലധികാരി പാൎവ്വത്യകാരനാകുന്നു. ആദ്യമായി കരം പിരിക്കുന്നതിനുള്ള ചുമതല പാൎവ്വത്യകാരന്റേതാകുന്നു.

വസ്തു അനുഭവക്രമങ്ങൾ.

ഈ സംസ്ഥാനത്തിലുള്ള വസ്തു അനുഭവക്രമം വിശേഷപ്പെട്ടതും സമ്മിശ്രിതമായുള്ളതുമാകുന്നു. വസ്തു ഉടമസ്ഥന്മാരായ കുടികളിൽനിന്നു തന്നെ നേരിട്ടു കരംപിരിച്ചുവരുന്നു. അവരിടെ പേരിൽതന്നെ വസ്തുക്കൾ പതിച്ചുകൊടുക്കയും ചെയ്തിരിക്കുന്നു. എന്നാൽ അനുഭവക്രമങ്ങൾ അനേകങ്ങളാകുന്നു. ഠരം വിവിധത്വം സൎക്കാർ കരങ്ങളെ സംബന്ധിച്ചിടത്തോളം ഗവൎമ്മേന്റിനും കുടികൾക്കും തമ്മിൽ ഏതെല്ലാംവിധം സംബന്ധം ഉണ്ടായിരിക്കാമൊ ആ സംബന്ധങ്ങളെല്ലാം അടങ്ങിയവകയാകുന്നു. ചിലസ്ഥലങ്ങളിൽ നിലങ്ങൾക്കു പൂൎണ്ണകരം കൊണ്ടിട്ടുണ്ടു. മററ ചില നിലങ്ങൾക്കു പേരിനുമാത്രം സ്വല്പകരം ഉണ്ടു. ചിലനിലങ്ങൾ തീരെ കരമില്ലാത്തവയാകുന്നു.

ഈ അനുഭവക്രമങ്ങളെ നോക്കുന്നതായാൽ (൧, ജന്മം (൨) സൎക്കാർ എന്നീ രണ്ടു പ്രധാന ഇനങ്ങളായി ഭൂമിയെ വിഭജിക്കാം, ഈ രണ്ടുവിധം അനുഭവങ്ങൾ അനുസരിച്ചും ഉടമസ്ഥാവകാശം ഓരോ ഉടമസ്ഥനും ചേൎന്നതാകുന്നു. ജന്മവസ്തുക്കൾ മൂന്നു ഇനങ്ങളിൽ ഉൾപ്പെട്ടവയാകുന്നു.

(൧) തീരെ കരമില്ലാത്തവ: (൨) മൂലകുഡുംബത്തിൽ വസ്തുക്കൾ ഇരിക്കുന്നിടത്തോളം കരം ഒഴിവുള്ളവയും അന്യന്മാൎക്കു അധീനമാകുമ്പോൾ കരം കൊള്ളുന്നവയുമായ ഭൂമികൾ: (൩) ആദ്യം മുതൽക്കെ സ്വല്പമായ കരം കൊണ്ടവ. സൎക്കാർ ഭൂമികൾ ൱-ൽ അധികം വിധത്തിലുള്ളവയുണ്ടു. ഇവയിൽ ചിലതു കരം ഇല്ലാത്തവയാകുന്നു. ചിലതു ഇനാം വസ്തുക്കളാകുന്നു. ചിലതു മുഴുവനും കരം കൊണ്ടവയല്ലാ. മററുള്ളവ പൂൎണ്ണകരം കൊണ്ടിട്ടുണ്ടു.

മുതലെടുപ്പു വിഷയമായി നടപ്പാക്കിയ ഏതാനും നിയമങ്ങൾ താഴെ വിവരിച്ചിട്ടുള്ളവയാകുന്നു.

ജന്മികളും കുടിയാനവന്മാരും.

(൧) ജന്മികൾക്കും കുടിയാനവന്മാൎക്കും തമ്മിലുള്ള സംബന്ധത്തേയും ജന്മവസ്തുക്കളിന്മേൽ ഇവൎക്കു ഓരോരുത്തൎക്കുമുള്ള അവകാശത്തിന്റെ സ്വഭാവത്തെയും എത്രത്തോളമുണ്ടെന്നുള്ളതിനെ കുറിച്ചു ഗവൎമ്മെൻറിൻനിന്നും വളരെ കാലമായി ആലോചിച്ചു വന്നിരുന്നു. ഓരോരൊ ക്രമങ്ങൾ അനുസരിച്ചു ജന്മവസ്തുക്കൾ അനുഭവിച്ചു വന്നിരുന്ന കുടിയാന്മാർ മിച്ചവാരവും പൊളിച്ചെഴുത്തുഫീസും മററുഭോഗങ്ങളും ശരിയായി കൊടുത്തു വരുന്നതായാൽ അവൎക്കു സ്ഥിരമായ അനുഭവാകാശമുണ്ടെന്നു ൧൦൪൨-ാ മാണ്ടത്തെ തിരുവെഴുത്തു വിളംബരത്താൽ സ്ഥിരപ്പെടുത്തപ്പെട്ടിരുന്നു. എന്നാൽ ഈ തിരുവെഴുത്തു വിളംബരത്തിൽ അനേകം പ്രധാന സംഗതികൾ തീൎച്ചപ്പെടുത്താതെ വിട്ടിരിക്കയും മിച്ചവാരം മുതലായ ഭോഗങ്ങൾ കുടിയാന്മാരിൽനിന്നു ജന്മികൾ സൌകൎയ്യമായി പിരിക്കാൻ വേണ്ട നടപടി വിധി

ക്കാതിരിക്കയും ചെയ്തിരുന്നു. ഈ ഓരോരൊ കക്ഷിക്കുമുള്ള അവകാശത്തെ വിവരമായി അന്വെഷിച്ചറിഞ്ഞു ൧൦൭൫-ലെ ൭-ാം റിഗ്ഗുലെഷനായി ഇതിലേക്കു ഒരു നിയമം നടപ്പാക്കീട്ടുണ്ടു. ഇതിനാൽ ജന്മികൾക്കും കുടിയാന്മാൎക്കും തമ്മിൽ വളരെ കാലമായി ഉണ്ടായിരുന്ന തൎക്കങ്ങൾ തീൎച്ചപ്പെടുത്തുകയും ജന്മികൾക്കു കിട്ടാനുള്ള ഭോഗങ്ങൾ ഈടാക്കുന്നതിനു സൌകൎയ്യമുള്ള നടപടികൾ ഉണ്ടാക്കുകയും ചെയ്തിട്ടുണ്ടു.

കൃഷിവായ്പ.

(൨) ഈ സംസ്ഥാനത്തിൽ സ്വഭാവേനയുള്ള ഉപവൃത്തിയെയും പ്രജകളിടേ മിക്കവരിടെയും തൊഴിൽ കൃഷിയാണെന്നുള്ള സംഗതിയെയും ഓൎത്തു കൃഷിസംബന്ധമായ വേലകൾ നടത്തിക്കുന്ന വകക്കായി ഗവൎമ്മെൻറു ഖജനാവിൽ നിന്നും പണം കടംകൊടുത്തു കുടികളെ സഹായിക്കുന്നതു ഉചിതമാണെന്നു വിചാരിച്ചു ഇപ്രകാരം വായ്പകൊടുക്കുന്നതിനായി ൧൦൭൪-ാമാണ്ടത്തെ ൪-ാം റിഗ്ഗുലെഷൻ നടപ്പാക്കീട്ടുണ്ടു. ഈ വായ്പകൊടുക്കുന്ന തുകകളെ സ്വല്പ തുകകളായി തവണവെച്ചു സൎക്കാരിലെക്കു തിരിച്ചു കൊടുക്കണമെന്നും ഏൎപ്പാടു ചെയ്തിട്ടുണ്ടു.

കരംഒഴിവു.

(൩) പഴയ നടപ്പു അനുസരിച്ചു കണ്ടെഴുത്തിൽ നിശ്ചയിക്കുന്ന കരത്തിനും പുറമെ, ഉഭയം, പലിശ, രക്ഷാഭോഗം മുതലായ അനേകവിധം കരങ്ങൾ കണക്കിൽ കൊണ്ടിട്ടുണ്ടു. ഇവയിൽ മിക്കവയും ഇപ്പൊഴത്തെ ജനസമുദായ സ്ഥിതിക്കു യോജ്യങ്ങളല്ലാത്തവയും കുടികൾക്കുപദ്രവകരമാണെന്നും കാണപ്പെടുകയാൽ അവയെ നിറുത്തൽ ചെയ്തിട്ടുണ്ടു.

വിരുത്തി നിറുത്തൽ.

(൪) ഈ സംസ്ഥാനത്തിലുള്ള ഇനാം വസ്തുക്കളിൽ മിക്കവയും വിരുത്തി വകയാണു. വിരുത്തിവസ്തു അനുഭവിക്കുന്നവർ അനേകവിധം ഊഴിയങ്ങൾ ചെയ്യുകയും ദേവസ്വങ്ങൾ ഊട്ടു

കൾ മുതലായവയ്ക്കും അനേക അടിയന്തരങ്ങൾക്കും നാമമാത്രമായ വിലവാങ്ങിച്ചുംകൊണ്ടു കോപ്പുകൾ ശേഖരിച്ചു കൊടുക്കയും ചെയ്യാൻ നിബന്ധിക്കപ്പെട്ടിരുന്നു. ഈ ഏൎപ്പാടുകൾ ഇപ്പോഴത്തെ അവസ്ഥാഭേദത്തിനു അനുചിതമെന്നു കാണപ്പെടുകയാൽ വിരുത്തി അനുഭവക്കാരെക്കൊണ്ടു നിബന്ധമായി ചെയ്തുവന്നിരുന്ന ജോലികളുടെ ഭാരത്തിൽനിന്നും അവരെ ഒഴിപ്പിക്കയും ഈ വസ്തുക്കളെ നീതിയായും ഉചിതമായുമുള്ള ക്രമംഅനുസരിച്ചു കരം ഏൎപ്പെടുത്തി ഏല്പിക്കുന്നതിനു ഒരു ഏൎപ്പാടു ചെയ്യുകയും ചെയ്തിട്ടുണ്ടു.

കൃഷിപ്രദൎശനങ്ങൾ.

(൧) ഈ സംസ്ഥാനത്തിലെ പ്രജകൾ കൃഷികൊണ്ടു ഉപജീവിക്കുന്നവരാണെന്നുവരികിലും ആഹാരത്തിനുവേണ്ട അരി പുറംരാജ്യത്തിൽനിന്നും വരുത്തേണ്ടിയിരിക്കുന്നു. ഈ ന്യൂനതയെ തീൎക്കുന്നതിനായി ഇപ്പോൾ കൃഷി ചെയ്യപ്പെട്ടുവരുന്ന മാൎഗ്ഗത്തെ പരിഷ്കരിക്കുന്നതിനും ഇപ്പോഴത്തേതിലും അധികം നിലങ്ങൾ കൃഷിചെയ്യാനിടവരുന്നതിനുമായി ചിലഏൎപ്പാടുകൾ ചെയ്യപ്പെട്ടിട്ടുണ്ടു. കൃഷിപ്രദൎശനങ്ങളും കന്നുകാലി കാഴ്ചകളും അവിടവിടെ നടത്തുകയും കൃഷിചെയ്യുന്ന മാൎഗ്ഗങ്ങളെ കാണിക്കാനായി മാതൃകാസ്ഥലങ്ങൾ ഏൎപ്പെടുത്തുകയും ചെയ്തിട്ടുള്ളതു ആദ്യത്തെ ഉദ്ദേശ്യത്തെ സാധിപ്പിക്കുന്നതിനായി സ്വീകരിക്കപ്പെട്ടിട്ടുള്ള മാൎഗ്ഗങ്ങളിൽ ചിലവയാകുന്നു. കായലുകളെ നിരത്തിയും തരിശുഭൂമികളെ കാടുവെട്ടിയും കൃഷിചെയ്യുന്നവൎക്കു വളരെ സ്വല്പകരത്തിന്മേൽ അവയെ പതിച്ചുകൊടുക്കുന്നതിനു ഏൎപ്പാടു ചെയ്തിട്ടുണ്ടു.

കലച്ചുകൂടുതൽ.

(൨) "കലച്ചുകൂടുതൽ" എന്നൊരേൎപ്പാടുണ്ടായിരുന്നു. ഇതനുസരിച്ചു റവന്യൂ ഉദ്യോഗസ്ഥന്മാർ സ്ഥലങ്ങൾ ചുററിനോക്കി മുമ്പിൽ കരം കൊള്ളാതിരുന്ന വൃക്ഷങ്ങൾ കായ്ഫലമായി തുടങ്ങിയിരുന്നാൽ അവയ്ക്കുകൂടി കരം ഏൎപ്പെടുത്തുന്നതു പതിവായി

ണന്നു. ഈ നാടപ്പു തങ്ങളിടെ വസ്തുക്കളെ കഴിയുന്നതും നല്ലവിധത്തിൽ ഉപയോഗപ്പെടുത്തിവന്ന പരിശ്രമശീലന്മാരായ കുടികൾക്കു സങ്കടമായിട്ടുള്ളതാകയാൽ ഇതു നിറുത്തപ്പെട്ടു. ഇപ്പോൾ കുടികൾക്കു അവരിടെ വസ്തുക്കളെ നന്നാക്കി കൂടുതൽ വൃക്ഷങ്ങൾ വച്ചുപിടിപ്പിയ്ക്കയും സംസ്ഥാനം ഒട്ടുക്കു അടുത്തതവണ കണ്ടെഴുത്തു നടത്തുന്നതുവരെ ഈ വിധമുള്ള വൃക്ഷങ്ങൾക്കു കരം പതിക്കുമെന്നുള്ള ഭീതി കൂടാതെതന്നെ ഈ വൃക്ഷങ്ങളുടെ ഫലങ്ങളെ നിർബ്ബാധമായി അനുഭവിക്കയും ചെയ്യാം.

മററു ഏർപ്പാടുകൾ

(൧) കക്ഷികൾക്കു സമൻസു അയച്ചു വരുത്തുന്നതിനും അവരെക്കൊണ്ടു ആധാരങ്ങൾ ഹാജരാക്കിക്കുന്നതിനും റവന്യൂ ഉദ്യോഗസ്ഥന്മാൎക്കു അധികാരം കൊടുക്കുന്നതിനായി ൧൦൮൬-ാമാണ്ടത്തെ ൩-ാം റഗുലേഷനായ റവന്യൂസമൻസു റഗുലേഷനും അധികാരം കൂടാതെ ഗവൺമെൻറു ഭൂമികളെ കൈവശപ്പെടുത്തി അനുഭവിക്കുന്നതിനെ തടുക്കുന്നതിനായി ൧൦൮൭-ാമാണ്ടത്തെ ൨-ാം റഗുലേഷനായ സൎക്കാർ ഭൂമിസംരക്ഷണം റഗുലേഷനും കരം പിരിക്കുന്ന വിധത്തെ സൌകൎയ്യപ്പെടുത്തുന്നതിനായി ൧൦൮൪-ാമാണ്ടത്തെ ൧-ാം റഗുലേഷനും നടപ്പാക്കപ്പെട്ടു. അകന്ന കുററക്കാരെ മത്തെടുക്കുന്നതിൽഉള്ള അടിയറപീസു നിറുത്തൽ ചെയ്തതും ഈ സംസ്ഥാനത്തിൽ ഏതാനും പ്രദേശങ്ങളിൽമാത്രം നടപ്പുണ്ടായിരുന്ന കരിവു കണ്ടെഴുത്തുന്ന നടപ്പിനെ തുല്യാവസ്ഥയിലുള്ള മററുപ്രദേശങ്ങളിൽ നടപ്പാക്കിയതും താഴ്ന്ന ഭൂമികളിൽ തെയില കൃഷിക്കായി കുറഞ്ഞ കരത്തിനു ഭൂമിപതിച്ചു കൊടുക്കുന്നതിനു നിശ്ചയിച്ചതും കുടികളുടെ ഗുണത്തിനായി നിശ്ചയിക്കപ്പെട്ട മററു ഏർപ്പാടുകളിൽ ചിലതാകുന്നു.

ഈ ഏർപ്പാടുകളുടെ എല്ലാംസമഷ്ടിയായ ഫലം കൃഷി ചെയ്യപ്പെട്ടുവരുന്ന ഭൂമിയുടെ വിസ്താരത്തിലും മുതലെടുപ്പിലും കൂടുതൽഉണ്ടാകുന്നുള്ളതാകുന്നു. മുമ്പിൽ ഇരുന്നതിൽ ൧൦ാക്കു ൩൧ വീതം നിലം നെൽകൃഷിയിൽ കൂടുതലായിട്ടുണ്ടു. പറമ്പുകളും നെൽ

കൃഷി നിലത്തിന്റെവീതത്തിനു കുറയാതെ കൂടുതലായിട്ടുണ്ടെന്നുള്ളതിനു സംശയമില്ല. നിലം പുരയിടങ്ങളിടെ കരംവകയിൽ നൂറ്റിനു നാല്പു വീതം കൂടുതൽ വന്നിട്ടുണ്ടു. ഈവിധം കൂടുതൽ വന്നതു കരത്തിന്റെ വീതത്തെ അധികമാക്കിയതു കൊണ്ടല്ലെന്നും കൂടുതലായ സ്ഥലം കൃഷി ചെയ്യപ്പെട്ടതുകൊണ്ടാണെന്നും ഉപദ്രവകരങ്ങളായ അനേകവിധം കരങ്ങളെ നിറുത്തൽ ചെയ്തതിന്റെ ശേഷവും ഈവിധം കൂടുതൽ സിദ്ധിച്ചിട്ടുണ്ടെന്നും പറയേണ്ടതില്ലല്ലോ.

വനം

ഈ സംസ്ഥാനത്തിലെ മിക്കഭാഗവും വനപ്രായമായിരിക്കുന്നു. ഠരം വനങ്ങളിൽ വളരെ വിലയേറിയ തടികൾ ഉണ്ടു. വനങ്ങൾ അളവില്ലാത്തവയാണെന്നുള്ള ബോധം ഹേതുവായിട്ടു വനംവക ഡിപ്പാട്ട്മെണ്ടിന്റെ ജോലി മുൻകാലത്തു തടികളെ മുറിപ്പിക്കയും വില്ക്കയും മാത്രം ആയിരുന്നു. ധാന്യം മുതലായവ കൃഷിചെയ്യുന്നതിലേക്കായി വിലയേറിയ അരണ്യങ്ങളെ വെട്ടിത്തെളിക്കുന്നതിനെ ഗവർമ്മേന്റ അനിയന്ത്രിതമായി അനുമതിക്കയും അതനുസരിച്ചു വളരെക്കാലം കൃഷിചെയ്യപ്പെട്ടുവരികയും ചെയ്തിരുന്നു. വളർത്തുകാടായി മരങ്ങളെ ഒഴിച്ചുവച്ചിരിക്കുന്നതിനു നിയമവും വനസംരക്ഷണത്തിനും വനംവിളവുകളെ കൃഷിചെയ്തു വിളയിക്കുന്നതിനും വേണ്ട വ്യവസ്ഥിതമായ ഏർപ്പാടും ഇല്ലായിരുന്നു. വനവിഭവങ്ങളെ കൃഷിചെയ്തു അധികമാക്കേണ്ടതു ആവശ്യമെന്നുകണ്ടു വനസംരക്ഷണത്തിനായി ൧൦൬൮-ാം വർഷത്തിൽ ഒരു റിഗുലേഷൻ ഏർപ്പെടുത്തപ്പെട്ടു. വനംവക സഞ്ചായംഡിപ്പാട്ട്മെന്റും പൂർണ്ണമായി മാറ്റി ഏർപ്പെടുത്തപ്പെട്ടു. വനംവക കാര്യത്തിനായി ഠരം സംസ്ഥാനം അനേകം ഡിവിഷനായും ഓരോ ഡിവിഷനെ ഏതാനും റേഞ്ചുകളായും വിഭജിക്കപ്പെട്ടിരിക്കുന്നു. ഒഴിച്ചിടപ്പെട്ടവനങ്ങൾക്കു അതിർത്തികളെ നിർണ്ണയപ്പെടുത്തി സ്ഥിരമായ അതിർത്തി അടയാളങ്ങൾ ഇടുന്നതിനും അവയിൽ വന്യവിളവുകളെ കൃഷിചെയ്തു വിളയിക്കുന്നതിനും ഏർപ്പാടുകൾ ചെയ്തിട്ടുണ്ടു. തേക്കു ചന്ദനം

മുതലായ വില പിടിച്ച വൃക്ഷങ്ങളെ പ്രത്യേകം തോട്ടങ്ങൾ ഉണ്ടാക്കിയും വളർത്തിവരുന്നു. വിദേശീയ വൃക്ഷങ്ങളെ ഈ വനങ്ങളിൽ നട്ടുവളർത്തുന്നതിനു ക്രമമായ ഏർപ്പാടുകൾ ചെയ്യപ്പെട്ടിട്ടുണ്ടു.

ഏലക്കാ

കുരുമുളകും ഏലക്കായും ഈ നാട്ടിലെ രണ്ടു പ്രധാനപ്പെട്ട വിളവുകളാകുന്നു. ഇവ കുത്തകച്ചരക്കുകളായിരുന്നു. എന്നാൽ കുത്തക ഏർപ്പാടു ഏലക്കാവിളവിനു തടസ്ഥമല്ലാതെ ആ കൃഷിയുടെ വർദ്ധനക്കു അനുകൂലമല്ലെന്നു കണ്ടു കുത്തക ഏർപ്പാടിനെ ഏലമലയിൽ മിക്കഭാഗങ്ങളിലും ൲വ്യൻന്നാം വർഷത്തിൽ നിർത്തൽചെയ്തു. ഏലത്തോട്ടങ്ങൾക്കു കരം ഏർപ്പെടുത്തി. ഈ പുത്തൻ ഏർപ്പാടു അനുസരിച്ചു കുടികൾക്കു ഈ തോട്ടങ്ങളിൽ സ്ഥിരമായ അനുഭവാവകാശം ലഭിച്ചിട്ടുണ്ടു. എന്നാൽ അവരവരുടെ തോട്ടത്തെ ഇഷ്ടംപോലെ സർക്കാരിലേക്കു ഒഴിഞ്ഞുകൊടുക്കുന്നതിനുള്ള അവകാശവും അവർക്കുണ്ടു.

ഇറക്കുമതിയെയും കയററുമതിയെയും ചെയ്യപ്പെടുന്ന മിക്ക ചരക്കുകൾക്കും തീരുവയുണ്ടായിരുന്നു. ൲വ്യന്നൂറാം വർഷത്തിൽ ഈ സംസ്ഥാനവും ബ്രിട്ടീഷ് ഗവർമ്മേൻറും തമ്മിൽ തുറമുഖ സംബന്ധമായ ഒരു ഉടമ്പടി ചെയ്തു. അതനുസരിച്ചു കച്ചവടസംബന്ധമായി ഈ രണ്ടു സംസ്ഥാനങ്ങളിലും ചരക്കുകൾക്കു ചുമത്തിവന്ന തീരുവകളിൽ ചിലവ നിറുത്തൽചെയ്യപ്പെട്ടു. ബ്രിട്ടീഷ് ഇൻഡ്യയിൽ നടപ്പുള്ള ഇറക്കുമതി താരിപ്പിനെത്തന്നെ യാതൊരു ഭേദവുംകൂടാതെ ഈ ഉടമ്പടി അനുസരിച്ചു ഈ സംസ്ഥാനത്തും ഉപയോഗിക്കാൻ നിർബന്ധിക്കപ്പെട്ടിരിക്കുന്നു. അതുകൊണ്ടു ഓരോകാലത്തും ഇറക്കുമതി താരിപ്പിൽ ബ്രിട്ടീഷ്ഗവർമ്മേൻറുകാർ ചെയ്തുവരുന്ന ഭേദങ്ങളെ ഇവിടെ സ്വീകരിച്ചുവരുന്നു. കയററുമതിച്ചരക്കുകളുടെവകക്കു ഈ സംസ്ഥാനത്തേക്കു പ്രത്യേകമായി താരിപ്പുണ്ടു. എന്നാൽ കയററുമതി തീരുവകഴിയുന്നതും കുറവായ താരിപ്പിൽ ഏർപ്പെടുത്തുന്നതാണ് സംപ്രദായം. പുൽത്തൈലം, കുവനീറ, വെളിച്ചെണ്ണ, ഇലവുതടി, ഇലവിൻപലക, ഉണക്കമീൻ ഇവകളുള്ള കയററുമതി തീരുവയെ

വളരെ കുറക്കയും പരിപ്പ, പെരുംപയറ, മുതിര, പനനാര. അരി, നെല്ല, ജെന്നൽ, കട്ടള, മുതലായ അനേകം മരസ്സാമാനങ്ങൾ ഇവക്കുള്ള കയററുമതി തീരുവായെ തീരെ നിറുത്തുകയും ചെയ്തിട്ടുണ്ടു.

ഉപ്പു, അവീൻ, പുകയില, കലാൽ.

ആണ്ടൊന്നുക്കുശരാശരി ൬൭ ലക്ഷംമണു ഉപ്പു ഈ സംസ്ഥാനത്തിൽ ചിലവാകുന്നു. ഉപ്പു ഈ സംസ്ഥാനത്തെ കുത്തകച്ചരക്കുകളിൽ ഒന്നാകുന്നു. ൧൮൮൯-ാം വർഷത്തിലെ ൧-ാം നമ്പർ മദ്രാസ് ആക്ടിലുള്ള പ്രധാന നിബന്ധനകളെ ചേർത്തുണ്ടാക്കീട്ടുള്ള ൧൦൬൩-ാമാണ്ടത്തെ ൭-ാം റിഗ്ഗുലേഷൻ അനുസരിച്ചു ഉപ്പു മുതലെടുപ്പിനെ സംബന്ധിച്ചസകല കാര്യങ്ങളും ക്രമപ്പെടുത്തപ്പെട്ടിരിക്കുന്നു.

അവീനും കഞ്ചാവും കുത്തകച്ചരക്കുകൾതന്നെ. ഈ ഔഷധങ്ങളെ ഇറക്കുമതി ചെയ്യുന്നതും വിൽക്കുന്നതും ൧൦൬൩-ാമാണ്ടത്തെ ൬-ാം റിഗ്ഗുലേഷനാൽ ക്രമപ്പെടുത്തപ്പെട്ടിരിക്കുന്നു.

പുകയില വളരെ അധികം ഉപയോഗിക്കപ്പെട്ടുവരുന്നു. ഈ ഇനത്തിൽ സർക്കാരിലേക്കു മുതലെടുപ്പും വളരെയുണ്ടു. മുമ്പിൽ ഇതു സർക്കാരിൽനിന്നുമാത്രം വിററുവന്ന കുത്തകച്ചരക്കായിരുന്നു. എന്നാൽ ഇതിനെ ഇപ്പോൾ ഏവനും ഇറക്കുമതിചെയ്യാം എന്നുവരുകിലും അതു ഇന്നവഴിക്കു, ഇന്നകാലത്തു, ഇന്നസ്ഥലത്തു വേണ്ടതാണെന്നും ഇന്ന തീരുവ കൊടുക്കണമെന്നും മററുംചില നിബന്ധനങ്ങൾ ഉണ്ടു.

കലാൽ മുതലെടുപ്പു ൧൮൯൫-ാം വർഷംവരെ കുത്തക കൊടുത്തു നടന്നുവന്നു. ൧൦൭൦-ാമാണ്ടത്തെ ൪-ാം റിഗ്ഗുലേഷൻ നടപ്പാക്കിയതുമുതൽ തീരുവ ഏർപ്പാടു പരിശോധനക്കായി നടത്തിവരുന്നു. ഈ പരിശോധന ഏർപ്പാടു ഇപ്പോൾ കണ്ടിടത്തോളം ഗുണപ്രദമായിരിക്കുന്നു.

നീതിഭരണം.

പോലീസ്.

൧൦൮൧-ാമാണ്ടിനു മുമ്പിൽ ഈ സംസ്ഥാനത്തിൽ പോലീസ് ഡിപ്പാർട്ട്മെന്റ് പ്രത്യേകമായി തിരിച്ചുവച്ചിട്ടില്ലായിരുന്നു. ദിവാൻപേഷ്കാർതന്റെ ഡിസ്ത്രിക്കിലുള്ള പ്രധാന റവന്യൂ ഉദ്യോഗസ്ഥനും പ്രധാന മജിസ്ത്രേട്ടും പ്രധാന പോലീസ് ഉദ്യോഗസ്ഥനും ആയിരുന്നു. തഹശിൽദാരന്മാർ അവരവരുടെ താലൂക്കുകളിൽ മജിസ്ത്രേട്ട അധികാരവും പോലീസ് അധികാരവും നടത്തിവന്നു. ൧൦൮൧-ാമാണ്ടു മദ്രാസ് പ്രസിഡൻസിയിലുള്ള പോലീസ് ഏർപ്പാട്ടിന്റെ രീതിയിൽ പ്രത്യേകമായി ഒരു പോലീസ് സൈന്യം ഏർപ്പെടുത്തപ്പെട്ടു. പോലീസിൽ ചേർന്നവർ ക്രമപ്രകാരം ആയുധാഭ്യാസം ചെയ്തിട്ടുണ്ടു. ബേറ്റണും വാളും ഉപയോഗിക്കാൻ അവരെ ശീലിപ്പിച്ചിട്ടുണ്ടു. ചിലരെ തോക്കുകൊണ്ടു വെടിവയ്ക്കാനും പഠിപ്പിച്ചിട്ടുണ്ടു, എല്ലാജാതിയിലുള്ള ആളുകളേയും പോലീസിൽ ചേർക്കും. ക്ലിപ്തപ്പെടുത്തിയിട്ടുള്ള അളവു ശരിയായിരിക്കണം എന്നുമാത്രമെ ആവശ്യമൊള്ളു. പ്രമോഷൻ കിട്ടണമെന്നുവരികിൽ ഏതാനം പരീക്ഷ ജയിച്ചിരിക്കണം എന്നും നിയമമുണ്ടു. ൭൦ ചതുരശ്രമയിൽ വിസ്താരത്തിനു ഒരു പോലീസ്കാരൻവീതവും നില്ക്കുന്നു. മുമ്പിലുള്ള അടുത്തൂൺ ചട്ടപ്രകാരം ൩൦ രൂപാക്കുതാഴ്ന്ന ശമ്പളമുള്ള ജീവനക്കാർക്കു അടുത്തൂണിനു അവകാശമില്ലായിരുന്നു. ഇപ്പോൾ അവർ ജീവനത്തിലിരുന്ന കാലത്തിന്റെ ദൈർഘ്യം അനുസരിച്ചു അടുത്തൂണോ ഇനാമൊ എല്ലാതരത്തിലുള്ള പോലീസുകാർക്കും കിട്ടത്തക്കവണ്ണം അടുത്തൂൺ ചട്ടവും ഭേദപ്പെടുത്തീട്ടുണ്ടു. ആളുകളെ തിരിച്ചറിയുന്നതിനായി ഉള്ള "ആന്ത്രാപ്പൊമെട്രിക്കൽ" ഏർപ്പാടു ഏതാനം കൊല്ലത്തേക്കു ഫലവത്തായി നടത്തപ്പെട്ടുവന്നു. എന്നാൽ ബ്രിട്ടീഷ് ഇൻഡ്യയിൽ ഈ ഏർപ്പാടിനെ മാറ്റി വിരലിൽ ഉള്ള രേഖയെ എടുത്തുവയ്ക്കുന്ന സമ്പ്രദായം നടപ്പാക്കിയതുകൊണ്ടു അതു ഇവിടെയും നടപ്പാക്കപ്പെട്ടു

ദണ്ഡനീതി.

ദണ്ഡനീതിയെ സംബന്ധിച്ചുള്ള നിയമവും ക്രിമിനൽ കോർട്ടുകളുടെ ഘടനയും ബ്രിട്ടീഷ് ഇൻഡ്യയിൽ ഉള്ളതുപോലെതന്നെയാകുന്നു. ഇൻഡ്യയിൽ ശിക്ഷാനിയമവും ക്രിമിനൽ നടപടി നിയമവും ഏതാനും ഭേദഗതികളോടുകൂടി ഈ സംസ്ഥാനത്തെ നിയമങ്ങളായി സ്വീകരിക്കപ്പെട്ടിട്ടുണ്ടു. ഈ നിയമങ്ങളും ഉപ്പു, കലാൽ, അവിൻമുതലായി മുതലെടുപ്പിന്റെ രക്ഷക്കു മുഖ്യമായി ആവശ്യമുള്ളവയും ബ്രിട്ടീഷ് ഇൻഡ്യയിൽ ഈ വിഷയങ്ങളെ പററിയുള്ള നിയമങ്ങളെ അനുവർത്തിച്ചു ഉണ്ടാക്കപ്പെട്ടിട്ടുള്ളവയും ആയ ഏതാനും പ്രത്യേക നിയമങ്ങളും ഈ സംസ്ഥാനത്തിലെ ദണ്ഡനീതികളാകുന്നു. ബ്രിട്ടീഷ് ഇൻഡ്യയിലെ എന്നപോലെ മൂന്നുതരം മജിസ്ത്രേട്ടന്മാരുമുണ്ടു. ദണ്ഡനീതി നടത്തുന്നവകക്കായി സംസ്ഥാനത്തെ ആറു ഡിസ്ത്രിക്ടുകളായി വിഭജിച്ചിരിക്കുന്നു ഇവ ഓരോന്നിനും മേലാവായി ഓരോ ഡിസ്ത്രിക്ട് മജിസ്ത്രേട്ടുണ്ടു. ഈ ഉദ്യോഗസ്ഥൻ തന്റെ ഡിസ്ത്രിക്ടിലുള്ള കീഴ്മജിസ്ത്രേട്ടുകളുടെ മേലാവായും നേതാവായും കാര്യംഭരിച്ചുവരുന്നു.

ബ്രിട്ടീഷ് ഇൻഡ്യയിൽ ഓരോതരം ക്രിമിനൽ കോർട്ടുകൾക്കു ഉള്ള അധികാരങ്ങൾതന്നെ ഇവിടെ അവയ്ക്കു ശരിയായ ക്രിമിനൽ കോർട്ടുകളും നടത്തിവരുന്നു. എന്നാൽ മരണശിക്ഷയും ജീവപര്യന്തം തടവിനുള്ള ശിക്ഷയും മഹാരാജാവു കല്പിച്ചനുവദിച്ചല്ലാതെ നടത്തിക്കാൻ പാടില്ലാ. മരണശിക്ഷയോ ജീവപര്യന്തം തടവിനുള്ള ശിക്ഷയോ അനുവദിക്കുന്നതിലേക്കായി കൊട്ടാരത്തിലേയ്ക്കയക്കുന്നതിനുമുമ്പെ ആകേസിനെ സംബന്ധിച്ചു ബ്രിട്ടീഷ് റസിഡന്റിന്റെ അഭിപ്രായവും ഉപദേശവും അറിയുന്നതിലേക്കായി ആകേസിലെ റിക്കാർഡുകൾ ബ്രിട്ടീഷ് റസിഡന്റിനു നിയമേന അയയ്ക്കപ്പെട്ടുവരുന്നു.

യൂറോപ്യൻ ബ്രിട്ടീഷ് പ്രജകൾ.

൧൮൭൮-ാം വർഷംവരെ യൂറോപ്യന്മാരായ ബ്രിട്ടീഷ് പ്രജകൾ ഈ സംസ്ഥാനത്തിലുള്ള സാധാരണ ക്രിമിനൽ കോർട്ടു

കളാൽ വിസ്തരിക്കപ്പെട്ടുവന്നു യൂറോപ്യന്മാരായ ബ്രിട്ടീഷ് പ്രജകളെ വിസ്തരിക്കുന്നതിനു തിരുവിതാംകോർട്ടുകൾക്കു അധികാരമില്ലെന്നുള്ളവാദം ആ ആണ്ടിൽ ജനിച്ചു. ഇതിനെക്കുറിച്ചു വളരെ എഴുത്തുകുത്തുകൾ നടന്നശേഷം ബ്രിട്ടീഷ് ഇൻഡ്യയിൽ ൧-ാം ക്ലാസ്സു മജിസ്ത്രേറ്റന്മാരായും "ജസ്റ്റിസ് ആഫ് ദി പീസ്" എന്ന സ്ഥാനം വഹിക്കുന്നവരായുംഉള്ള യൂറോപ്യന്മാരായ ബ്രിട്ടീഷ് പ്രജകൾ അങ്ങനെയുള്ള പ്രജകളുടെമേൽ നടത്തിവരുന്നഅധികാരത്തെ യൂറോപ്യന്മാരായ ബ്രിട്ടീഷ് പ്രജകളായുംക്രിസ്ത്യന്മാരായും ഉള്ള ഈ സംസ്ഥാനത്തിലെ മജിസ്ത്രേറ്റുകൾക്ക് അങ്ങനെയുള്ള പ്രജകളുടെമേൽ നടത്താംഎന്ന് ൧൮൭൪-ാം വർഷത്തിൽ ബ്രിട്ടീഷ് ഇൻഡ്യാ ഗവർമ്മേന്റിൽനിന്നും തീർച്ചപ്പെടുത്തി. ഇതനുസരിച്ചു സ്പെഷ്യൽ മജിസ്ത്രേട്ടുകളും അവരുടെ തീർച്ചയിന്മേൽ അപ്പീൽ കേൾക്കുന്നതിന് ഒരു സ്പെഷ്യൽ അപ്പീൽ ജഡ്ജിയും നിയമിക്കപ്പെട്ടു.

ജയിൽ.

അടുത്തകാലംവരെ ജയിൽ ഭരണത്തെ സംബന്ധിച്ച് യാതൊരു നിയമവും ഇല്ലായിരുന്നു. ഇവ കാര്യനടപ്പിനുവേണ്ടി അതാതു കാലങ്ങളിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങൾ അനുസരിച്ചു ഭരിക്കപ്പെട്ടുവന്നു. ഇപ്പോൾ ഒരു ജയിൽ റഗുലേഷനും അതനുസരിച്ച് അനേകംചട്ടങ്ങളും നടപ്പാക്കപ്പെട്ടു. ജയിലിലുള്ളജീവനക്കാരുടെ ക്രമത്തെ പൂർണ്ണമായി മാററിപുത്തനായി ഏർപ്പാടുചെയ്തു തടവുകാരെക്കൊണ്ടു ജയിലിനു വെളിയിൽ ഇതിനുമുമ്പിൽ വേലകൾ നടത്തിച്ചുവന്ന ഏർപ്പാടിനെ ക്രമേണ നിറുത്തുന്നതിലേയ്ക്കായി ജയിലിനകത്തുവച്ച് ഓരോ നല്ലപണികൾ നടത്തിക്കുന്നതിനുള്ള പുതിയ ഏർപ്പാടു ചെയ്യപ്പെട്ടിട്ടുണ്ടു. നല്ലനടത്തയുള്ള തടവുകാരുടെ ശിക്ഷാകാലത്തെ കുറയ്ക്കുന്നതിനു നിയമവും ആഹാരത്തിനും ശുചീകരണത്തിനും ശരിയായ ഏർപ്പാടും ജയിലിനകത്തുവച്ചു നടത്തുന്ന കുററങ്ങൾക്കു ശിക്ഷാക്രമവും ഏർപ്പെടുത്തപ്പെട്ടിട്ടുണ്ട്. ശിക്ഷയനുഭവിച്ച് കാണുന്നവരായ കുററക്കാരെ പ്രത്യേകമായി തടവിലാക്കി രക്ഷിക്കുന്നതിനും പതിവായി കുററം

ചെയ്യുന്നവരെ മററു തടവുകാരിൽനിന്ന് അകററിപ്പാർപ്പിക്കുന്നതിനും നിയമങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. തിരുവനന്തപുരത്തു സെൻട്രൽ ജയിലും കൊല്ലത്തും ആലപ്പുഴയും ഓരോ ഡിസ്ത്രിക്ററു ജയിലുമായി മൂന്നു ജയിലുകൾ ഈ സംസ്ഥാനത്തുണ്ട്. ഡിസ്ത്രിക്ററു ജയിലുകൾ ഡിസ്ത്രിക്ററു മജിസ്ത്രേറ്റുമാരുടെ അടുത്ത പരിശോധനയിൽ ഉൾപ്പെട്ടിരിക്കുന്നു.

ദുർഗ്ഗുണപരിഹാരപാഠശാല.

ബാലന്മാരായ കുററക്കാർ കഠിനന്മാരായ കുററവാളികളോടുള്ള സംസർഗ്ഗത്താൽ ദോഷപ്പെടാതെ തടുക്കുന്നതിലേക്കായിട്ടു ൧൦൬൮-ാമാണ്ടത്തെ ൯-ാം റിഗ്ഗുലേഷൻ നടപ്പാക്കപ്പെട്ടിട്ടുണ്ട്. ഇതിൽ ബാലന്മാരായ ആൺ കുററക്കാർക്കു ദുർഗ്ഗുണപരിഹാര പാഠശാലകൾ ഉണ്ടാക്കുന്നതിന് വ്യവസ്ഥചെയ്തിട്ടുണ്ട്. ൧൦൭൦-ാമാണ്ടിൽ ഒരു ദുർഗ്ഗുണപരിഹാര പാഠശാല ഏർപ്പെടുത്തി. അതിനെ വിദ്യാഭ്യാസ വകുപ്പിൽ ഉൾപ്പെടുത്തി ആ പാഠശാല പരിശോധിക്കുന്നതിനു ഒരു കമ്മററിയും നിയമിക്കപ്പെട്ടിട്ടുണ്ട്.

വ്യവഹാരനീതി.

സിവിൽ കോട്ടുകളുടെ നടപടിയെ സംബന്ധിച്ച നിയമം അപ്പഴപ്പോൾ ഉണ്ടാക്കപ്പെട്ട അനേകം നിയമങ്ങളിലായി ഭിന്നിച്ചു കിടക്കയായിരുന്നു. ഇവയെ ക്രോഡീകരിച്ചും ഭേദപ്പെടുത്തിയും ൧൦൫൫-ാമാണ്ടിൽ ഒരു സിവിൽ നടപടി നിയമം ഉണ്ടാക്കപ്പെട്ടു. ഇതിനെ ബ്രിട്ടീഷ് ഇൻഡ്യയിലെ ഭേദപ്പെടുത്തിയ നിയമത്തിനോടൊപ്പം ആക്കുന്നതിലേക്കായി ഇതു പിന്നീടു ഭേദപ്പെടുത്തപ്പെട്ടു. തിരുവിതാംകോട്ടിലെ കോട്ടുകളിൽ ചെയ്യപ്പെടുന്ന ഡിക്രി (വിധി) കളെ അവ ബ്രിട്ടീഷ് ഇൻഡ്യയിലെ കോട്ടുകളാൽ ചെയ്യപ്പെട്ട വിധികൾ എന്നപോലെ ബ്രിട്ടീഷ് ഇൻഡ്യയിൽ നടത്തിക്കാമെന്നു ആജ്ഞാപിച്ചു ആലോചന സഭയിൽ ഗവർണർ ജനറൽ അവർകൾ ൧൮൮൩-ാം വർഷത്തിൽ ഒരു വിളംബരം [illegible] പ്രസിദ്ധപ്പെടുത്തി. ബ്രിട്ടീഷ് ഇൻഡ്യയിലെ കോട്ടുകളാൽ ചെയ്യപ്പെടുന്ന വിധികളും [illegible] ഈ സം

സ്ഥാനത്തിൽ നടത്തിക്കുന്നതിനു അധികാരം കൊടുക്കുന്നതായി ൧൦൩൧-ാമാണ്ടത്തെ ൮-ാം റെഗുലേഷൻ നടപ്പാക്കപ്പെട്ടു. കോർട്ടുഫീസു റെഗ്ഗുലേഷൻ, കാലഹരണ റെഗ്ഗുലേഷൻ, വ്യവഹാരസല റെഗ്ഗുലേഷൻ ജഡ്ജിമാരുടെയും ജുഡിഷ്യലായി പ്രവൃത്തിക്കുന്ന മററുള്ളവരുടെയും രക്ഷക്കായി നിബന്ധന ചെയ്തിട്ടുള്ള റിഗ്ഗുലേഷനു്, ഇവ നീതിഭരണത്തെ നന്നാക്കുന്നതിനായി നടപ്പാക്കിട്ടുള്ള നിയമങ്ങളിൽ ചിലവയാകുന്നു. നീതിനടത്തുന്ന ഉദ്യോഗസ്ഥന്മാരുടെ ശമ്പളത്തെയും സ്ഥാനമാനത്തെയും കൂട്ടുന്നതിനായിചെയ്ത ഏർപ്പാടുകളുടെ ഫലമായി ഈ ഉദ്യോഗം ഭരിക്കുന്നവരുടെ യോഗ്യത വളരെ കൂടീട്ടുണ്ടു.

രജിസ്ട്രേഷൻ.

ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള ഡിപ്പാർട്ടുമെൻറും ബ്രിട്ടീഷ് ഇൻഡ്യയിൽ ഇപ്പോൾ നടപ്പുള്ള നിയമത്തെ അനുകരിച്ചു ഉണ്ടാക്കപ്പെട്ടിട്ടുള്ള ൧൦൭൦-ാമാണ്ടത്തെ ൧-ാം റിഗ്ഗുലേഷൻ അനുസരിച്ചു നവീകരിക്കപ്പെട്ടു. റജിസ്ട്രേഷൻ ഡയറക്ടർ എന്നു പേരുള്ള ഒരു ഉദ്യോഗസ്ഥൻ ഈ ഡിപ്പാർട്ടുമെൻറിനെ ഭരിച്ചു വരുന്നുണ്ടു്. കൂട്ടുകച്ചവടകമ്പനികളെ രജിസ്റ്റർ ചെയ്യുന്ന വകക്കായി ഇൻഡ്യൻ കമ്പനീസ് ആക്ടു ൧൦൩൨-ാമാണ്ടത്തെ ൧-ാം റെഗ്ഗുലേഷനായി ഈ സംസ്ഥാനത്തെ നിയമമായി സ്വീകരിക്കപ്പെട്ടിരിക്കുന്നു.

ശുചീകരണവും ജനനമരണക്കണക്കും.

൧൮൯൮-ാം വർഷംവരെ പട്ടണങ്ങളുടെ സംരക്ഷണവും ശുചീകരണവും കാര്യനടപ്പിനായി അതാതു കാലം ഗവർൺമെൻറിൽനിന്നു കൊടുക്കുന്ന ഉത്തരവുകൾ അനുസരിച്ചു ക്രമപ്പെടുത്തപ്പെട്ടുവന്നു. പട്ടണങ്ങളുടെ ശുചീകരണത്തെ വർദ്ധിപ്പിക്കുന്നതിനും അഗ്നിബാധയെ തടുക്കുന്നതിനും ജനനമരണക്കണക്കെടുക്കുന്നതിനും ആയി ൧൮൯൧ാം വർഷത്തിലെ ൨൦ാം നമ്പർ ആക്ടായ പഞ്ചാബ് മുൻസിപ്പാലിററി ആക്ടിൻപടി ഒരു റിഗ്ഗുലേഷൻ ആയാണ്ടിൽ അനുവദിക്കപ്പെട്ടു. ഒരം റിഗ്ഗുലേഷൻപടിയുള്ള കാര്യങ്ങൾ സർക്കാർ ഉദ്യോഗസ്ഥന്മാരായ സാമാജികന്മാ

രും സൎക്കാർ ഉദ്യോഗം ഇല്ലാത്ത സാമാജികന്മാരും ചേൎന്നിട്ടുള്ളതും കാൎയ്യനിൎവ്വഹണത്തിന്നു പ്രധാനിയായ ഒരു പ്രസിഡണ്ടോടുകൂടിയതും ആയ പട്ടണപരിഷ്കരണ കമ്മിററി എന്നു വിളിക്കപ്പെട്ടുവരുന്ന ഒരു സമാജത്താൽ നടത്തപ്പെട്ടുവരുന്നു. പ്രസിഡണ്ടും സാമാജികന്മാരും ഗവൎമ്മേന്റിനാൽതന്നെ നിയമിക്കപ്പെട്ടുവരുന്നു. പട്ടണത്തിലെ ചിലവുവകക്കായി പട്ടണത്തിൽ ഓരോ നികുതികൾ ഏൎപ്പെടുത്തുന്നതിലേക്കും ജനപ്രതിനിധികളെ സാമാജികന്മാരായി കമ്മററിയുടെ ഘടനയെ നവീനരീതിയിൽ ആക്കുന്നതിലേക്കും വ്യവസ്ഥചെയ്തു ഒരു റിഗുലേഷനെ ഭേദപ്പെടുത്തപ്പെട്ടിട്ടുണ്ടു. പട്ടണങ്ങൾക്കു വെളിയിലുള്ള സ്ഥലങ്ങളിൽ ശുചീകരണത്തിന്നും ജനനമരണക്കണക്കെടുക്കുന്നതിന്നും സമഗ്രമായ ഒരു ഏൎപ്പാടു ൧൦൮൦-ാം വൎഷത്തിൽ നിശ്ചയിക്കപ്പെട്ടു. ഗോവസൂരിപ്രയോഗം ചെയ്യിക്കുക, ജനനമരണക്കണക്കെടുക്കുക, പട്ടണത്തിന്നു പുറമെയുള്ള സ്ഥലങ്ങളിൽ ശുചീകരണത്തിന്നു ഏൎപ്പാടുചെയ്ക, മരുന്നുകൾ കയ്യിൽകൊണ്ടുപോയി നാട്ടുംപുറങ്ങളിൽ ആവശ്യം ഉള്ളവൎക്കു കൊടുത്തു രോഗനിവൃത്തി വരുത്തുക എന്നീ വിഷയങ്ങൾക്കായി ഒരു ഡിപ്പാൎട്ടുമെന്റു ഏൎപ്പെടുത്തി സാനിറററി കമിഷണർ എന്ന സ്ഥാനപ്പേരുള്ള ഒരു ഉദ്യോഗസ്ഥന്റെ വരുതിയിൽ നടത്തപ്പെട്ടുവരുന്നു.

വൈദ്യം.

പട്ടാളക്കാർ ഒഴിച്ചു മററുള്ളവൎക്കു വൈദ്യവും ഔഷധ സഹായം ചെയ്യുന്നതിലേക്കുള്ള ഡിപ്പാൎട്ടുമെന്റു ഡബ്ബാർ ഫിസിഷ്യൻ (രാജകീയ വൈദ്യൻ) എന്നു വിളിക്കപ്പെടുന്ന യൂറോപ്യനായ ഒരു ഉദ്യോഗസ്ഥന്റെ വരുതിയിൽ ഇരിക്കുന്നു. ഈ ഡിപ്പാൎട്ടുമെന്റു നവീകരിക്കപ്പെട്ടതോടു വൈദ്യന്മാരായ കീഴ്ജീവനക്കാരുടെ ശമ്പളവും എണ്ണവും കൂട്ടപ്പെട്ടു. അവർ നിയതമായ വിധത്തിൽ തരംതിരിച്ചു വൎഗ്ഗപ്പെട്ടു. സൎക്കാർവക വൈദ്യശാലകളാൽ കൊടുക്കപ്പെടുന്ന സഹായത്തെ പൂൎത്തിയാക്കുന്നതിന്നും കുടികൾതന്നെ വൈദ്യംചെയ്യിക്കുന്ന നടപ്പിനെ പ്രോത്സാഹിപ്പിക്കുന്നതിന്നും ആയി ആശുപത്രികൾക്കും ഡിസ്പെൻസ

റികൾക്കും നാട്ടുവൈദ്യശാലകൾക്കും സഹായികധനം കൊടുക്കു
ന്നതിനു അനുവദിച്ചിട്ടുണ്ടു. നാട്ടുവൈദ്യശാലകളുടെമേൽ പരി
ശോധനയ്ക്കും ഭരണത്തിന്നുമായി നാട്ടുവൈദ്യത്തിൽ പാണ്ഡി
ത്യം സമ്പാദിച്ചവർ എന്നു ഖ്യാതിമാരായ ആളുകൾചേർന്നു
ഒരു സമാജം നിയമിക്കപ്പെട്ടിട്ടുണ്ടു. സ്ത്രീ ചികിത്സയ്ക്കും ബാല
ചികിത്സയ്ക്കും ആയി ഒരു ആശുപത്രിയും കുഷ്ഠരോഗികളുടെ ചി
കിത്സയ്ക്കു ഒരു ആശുപത്രിയും തിരുവനന്തപുരത്തും, വിക്ടോറി
യാ വൈദ്യപാഠശാലയും സ്ത്രീചികിത്സശാലയും കൊല്ലത്തും, മ
റ്റു വൈദ്യശാലകൾ സംസ്ഥാനത്തു മറ്റു ഭാഗങ്ങളിലും നൂതന
മായി ഉണ്ടാക്കപ്പെട്ടിട്ടുണ്ടു. സ്ത്രീ ചികിത്സയ്ക്കും ബാലചികിത്സ
യ്ക്കും ഉള്ള ആശുപത്രി വൈദ്യശാസ്ത്ര വിദഗ്ദ്ധയായ ഒരു യൂറോ
പ്യൻ ലേഡി ഡാക്ടരുടെ വരുതിയിൽ ആകുന്നു. ചികിത്സയി
ൽ പരിശീലനം ഉള്ള കീഴ്ത്തരം സ്ത്രീ വൈദ്യന്മാരും ആ ആശുപ
ത്രിയിൽ ഉണ്ടു. കുഷ്ഠരോഗികൾക്കുള്ള ആശുപത്രിയിലും വേണ്ട
വൈദ്യന്മാരും ഔഷധാദി സാമഗ്രികളും ഉണ്ടു. അതിൽ ഉള്ള
രോഗികൾ നല്ലപോലെ രക്ഷിക്കപ്പെട്ടുവരുന്നു. ശീമ മഹാറാണി
യുടെ ജൂബിലി സംബന്ധിച്ചു കൊല്ലത്തു പ്രതിഷ്ഠിക്കപ്പെട്ട വി
ക്ടോറിയാ വൈദ്യശാലയും സ്ത്രീ ചികിത്സാ ശാലയും സൂതി
കർമ്മിണികളെ പഠിപ്പിക്കുന്നതിനു ഒരുക്ലാസും ഏൎപ്പെടുത്തപ്പെട്ടി
ട്ടുണ്ടു. ക്വൈനാപൊടിയും വിഷൂചികാ സംഹാരിയും കേവലം
നാമമാത്രമായ വിലയ്ക്കു അനേകം അഞ്ചൽ ആപ്പീസുകളിൽ കു
ടികൾക്കു വില്ക്കപ്പെട്ടുവരുന്നു. തിരുവിതാംകോട്ടിലുള്ള സ്ത്രീകൾ
വൈദ്യശാസ്ത്രം അഭ്യസിക്കുന്നതിനു പ്രോത്സാഹകമായി ൩ സ്കാ
ളർഷിപ്പുകൾ ഏൎപ്പെടുത്തീട്ടുണ്ടു. ശീമയിൽചെന്നു വൈദ്യശാ
സ്ത്രം പഠിച്ചുവരുന്നതിനായി രണ്ടു സ്കാളർഷിപ്പുകൾ ഈയിടെ അ
നുവദിക്കപ്പെട്ടിരിക്കുന്നു. പണ്ഡിതന്മാരായ നാട്ടുവൈദ്യന്മാരു
ടെ കീഴിലായി നാട്ടുവൈദ്യം പഠിപ്പിക്കുന്നതിനു ഒരു പാഠശാല
യും മൃഗപക്ഷ്യാദികളുടെ ചികിത്സയ്ക്കായി തിരുവനന്തപുരത്തു
ഒരു ആശുപത്രിയും ഏൎപ്പെടുത്തപ്പെട്ടിട്ടുണ്ടു.

പൊതുവക മരാമത്തു.

കാൎയ്യനിൎവ്വാഹകന്മാർ.

*കാൎയ്യ നിൎവ്വാഹകന്മാർ മരാമത്തു പണികൾ നടത്തുന്ന വകക്കു രണ്ടു ഇനത്തിൽഉള്ള ഡിപ്പാൎട്ടുമെൻറുകൾ ഉണ്ടു. അവ ചീഫ് എഞ്ജിനീയരിടെ ആധ്യക്ഷത്തിൽഉള്ള എഞ്ജിനീയർ ഡിപ്പാൎട്ടുമെൻറും ക്ഷേത്രങ്ങൾ കൊട്ടാരങ്ങൾ മുതലായ പലവകപ്പണികൾ നടത്തുന്നതിനായി ചുമതലപ്പെട്ട മരാമത്തുഡിപ്പാൎട്ടുമെൻറും ആകുന്നു. പൊതുവക മരാമത്തു പണികൾക്കു ആണ്ടുതോറും കൂടുതലായി പണം ചിലവു ചെയ്യപ്പെട്ടുവരുന്നു. പണികൾ അധികമായതോടുകൂടി സിൽബന്തികളും കൂട്ടപ്പെട്ടു. എഞ്ജിനീയർ ഡിപ്പാൎട്ടുമെൻറും നവീകരിക്കപ്പെട്ടു. സംസ്ഥാനം ൩ ഡിവിഷനായി വിഭജിക്കപ്പെട്ടു. ഉദ്യോഗസ്ഥന്മാരു വളരെ കൂടുതലായി നിയമിക്കപ്പെട്ടു. ഈ ഡിപ്പാൎട്ടുമെൻറിൽ നിന്നും നടത്തുന്ന പണികൾ, സൎക്കാർവക കെട്ടിടങ്ങൾ, ഗതാഗതത്തിനുള്ള മാൎഗ്ഗങ്ങൾ, ശാസ്ത്രാഭ്യാസം ചെയ്തിട്ടുള്ളവരുടെ പരിശോധനത്തിന്മേൽ നടത്തിക്കപ്പെട്ട പലവക പണികൾ, കൃഷിമരാമത്തു പണികൾ ഇവയെ പണിയിക്കയും അററകുററം തീൎക്കയും സ്വസ്ഥിതിയിൽ വച്ചുപാലിക്കയും ചെയ്കയാകുന്നു.

കെട്ടിടങ്ങൾ

൧൦൬൦-ാമാണ്ടിനിപ്പുറം അനേകം സൎക്കാർ കെട്ടിടങ്ങൾ കെട്ടപ്പെട്ടിട്ടുണ്ടു. പറവൂരിൽ ജില്ലാകോൎട്ടും മുൻസിപ്പുകോൎട്ടും താലൂക്കു കച്ചേരിയും മററു കച്ചേരിസ്ഥലങ്ങളും ചെങ്കോട്ടയിലും തൊടുപുഴയിലും മുൻസിപ്പുകോൎട്ടും താലൂക്കു കച്ചേരിയും മററു കച്ചേരികളും; ആലപ്പുഴയിലും നാഗരുകോവിലിലും ജില്ലാകോൎട്ടുകളും തിരുവനന്തപുരത്തു ഹജൂർ കച്ചേരിയിൽ കൂടുതൽ കെട്ടിടങ്ങളും; കനകക്കുന്നിൽ മഹാ സത്രശാലയും ഊളമ്പാറയിൽ (ഗോൾഫ്ഗ്രൗണ്ടു) ആയുധാഭ്യാസ ശാലയും, തിരുവനന്തപുരത്തു സ്ത്രീ ചികിത്സയ്ക്കും ബാലചികിത്സയ്ക്കും ഉള്ള ആശുപത്രിയും

കുഷ്ഠരോഗികളുടെ ആശുപത്രിയും; കാളെജിൽ രസായന തന്ത്രശോധനക്കു ശാലയും സ്ത്രീകൾക്കു ഉൽകൃഷ്ടവിദ്യാശാലയും പെൺനാർമൽസ്കൂളും. കരകൌശലവിദ്യാശാലയും, കൊല്ലത്തു ഇംഗ്ലീഷ് ഹൈസ്കൂളും, മററനേകം പാഠശാലകൾ, ആശുപത്രികൾ, വൈദ്യശാലകൾ, അഞ്ചൽ ആപ്പീസുകൾ, പോലീസു സ്റ്റേഷൻ മുതലായ കെട്ടിടങ്ങളും ഈ കാലത്തിനിടയ്ക്കു കെട്ടപ്പെട്ടവയാകുന്നു. തിരുവനന്തപുരത്തുള്ള വിക്ടോറിയാ ജൂബിലിടൌൺ ഹാളിനുള്ള ചിലവിൽ ഒരുപങ്കു ജനങ്ങൾ പിരിച്ചെടുത്ത പണമാണെങ്കിലും അതു കെട്ടിയതു എഞ്ജിനീയർ ഡിപ്പാർട്ടുമെൻറുകാർ ആകുന്നു. മഹാരാജ്ഞിയുടെ ഡയമണ്ടു ജൂബിലിയുടെ സ്മാരകമായി ഒരു പബ്ലിക് ലൈബ്രരി കെട്ടീട്ടുണ്ടു.

ഗതാഗതമാൎഗ്ഗങ്ങൾ.

൧൦൬൦ാമാണ്ടിൽ ആകെ ൧൧൫൦ മൈൽസു ദൂരം റോഡ്കൾ ഉണ്ടായിരുന്നു ൧൦൭൦ ൽ ൩൦൨൧ മൈൽസു ദൂരം റോഡ്കൾ ഉണ്ടു. ഇതിൽ ൩൫൦ മൈൽസു നീളത്തിൽ റോഡ്കൾ വെട്ടുന്നതിനായി ചെയ്തിട്ടുള്ള ഛായകൾ ഉൾപ്പെട്ടിട്ടില്ലാ. തിരുവനന്തപുരത്തിനും തിരുനൽവേലിക്കും മദ്ധ്യേ ആയി വളരെ കച്ചവടസാമാനങ്ങൾ കൊണ്ടുപോകുന്നതായ പ്രധാനപ്പെട്ട തെക്കൻ റോട്ടിൽ് ഒന്നരലക്ഷം രൂപാ ചിലവുചെയ്തു പല്ലായിടത്തും കല്ലിട്ടുറപ്പിക്കപ്പെട്ടിരിക്കുന്നു. താഴ്ന്ന പ്രദേശത്തുനിന്നു കാപ്പികൃഷിയുംമററും ഉള്ള അത്യുന്നതങ്ങളായ ആരണ്യങ്ങളിലേക്കു പോകുന്നതിനു ൧ ലക്ഷംരൂപായോളം ചിലവുചെയ്തു ഏകദേശം ദൂരത്തേക്കു ഒരു റോഡ് വെട്ടപ്പെട്ടിരിക്കുന്നു. കൊട്ടയത്തുനിന്നു മധുരജില്ലയുടെ അതിൎത്തിവരെ ചെല്ലുന്ന പീരുമെടു ഘാട്ടു റോട്ടിനെ ൫൦ ലക്ഷംരൂപാ ചിലവുചെയ്തു നന്നാക്കീട്ടുണ്ടു. പരപ്പാർ, വാമനപുരം, തിരുവട്ടാർ, പഴയാർ, മുതലായ അനേകം ആറുകളിൽ പാലങ്ങൾ കെട്ടപ്പെട്ടിട്ടുണ്ടു. റോഡ്കൾ അല്ലാതെയും ഗതാഗതത്തിനു ഉപയോഗപ്പെടുന്നതായും ൨൦൦ മൈൽസു ദൂരം വള്ളത്തിൽ സഞ്ചരിക്കാവുന്ന തോടുകളും കായലുകളും ഉണ്ടു. ഇവയിലെ അനാകുറാ...

ളും ഠരം ഡിപ്പാൎട്ട്മെന്റിൽനിന്നു നടത്തപ്പെട്ടുവരുന്നു. കുടി പാൎപ്പില്ലാത്ത മലകളെയും അരണ്യങ്ങളെയും തള്ളിനോക്കിയാൽ ഓരോ ചതുരശ്രമൈൽ പ്രദേശത്തിനും ഓരോമൈൽ ദൂരമുള്ള റോഡൊ തോടൊ ഉണ്ടു.

പലവകപണികൾ.

ഏകദേശം ൮൩൦൦൦ രൂപായോളം ചിലവുചെയ്തു തിരുവനന്തപുരത്തു ഏതാനം റോഡ്കളിൽ ഗ്യാസ്വെളിച്ചം ഉണ്ടാക്കിയിരിക്കുന്നതും ചാലക്കടയിലും അവയുടെ സമീപത്തും ആണ്ടുതോറും വെള്ളപ്പൊക്കം ഉണ്ടായികേട്ടുവരുന്നതിനെ തടുത്തു നഗരശുചീകരണത്തെ വൎദ്ധിപ്പിക്കുന്നതിനായി പുത്തരിക്കണ്ടത്തുനിന്നു തോടുവെട്ടീട്ടുള്ളതും, ആലപ്പുഴയിലെ കടൽപ്പാലവും, തിരുവനന്തപുരം പട്ടണത്തു കുഴൽവഴി വെള്ളം കൊണ്ടുവരുന്നതിനുള്ള ഏൎപ്പാടും ഠരം ഇനത്തിൽ ഉൾപ്പെടുന്നവയാകുന്നു.

കൃഷിമരാമത്തു.

കൃഷിയുടെ സംരക്ഷണത്തിനും വൎദ്ധനത്തിനും ആയി ഉദ്ദേശിക്കപ്പെട്ട അനേകം പണികൾ വടക്കെ ഡിവിഷനിൽ നടത്തപ്പെട്ടിട്ടുണ്ടു. പറവൂരും കൈപ്പുഴയിലും കായലിൽ അണകെട്ടി കായലിനെ നിലമാക്കുന്നതിനുള്ള ഏൎപ്പാടും കൈനകരിയിലും പുത്തൻചിറയിലും മുനമ്പത്തും ഉള്ള അണകളും കല്ലടയാററിന്റെ കരയെ കെട്ടി നന്നാക്കിച്ചതും ചാക്കരയാററിൽകുറുക്കെ അണകെട്ടിയതും ഠരം വിഷയത്തിൽ ചെയ്യപ്പെട്ട ഏതാനും പണികൾ ആകുന്നു. തെക്കെഡിവിഷനിൽ വിളവു അവിടെ സ്വല്പമായി മാത്രം ഉണ്ടാകുന്ന മഴയേയും പാണ്ഡ്യൻ അണയെന്നും പുത്തൻ അണയെന്നും വിളിക്കപ്പെടുന്ന പഴയ കൃഷിമരാമത്തു പണികൾ വകയായി അവയിൽനിന്നുള്ള കാലുകൾ വഴിയായും കൊണ്ടുവന്നു പായിക്കപ്പെടുന്ന വെള്ളത്തെയും ആശ്രയിച്ചിരിക്കുന്നു. ഠരം അണകൾ അററകുററപ്പെട്ടു ഉപയോഗമില്ലാതെ പോയിരുന്നു. ഇവ ൧൦൬൯- ാമാണ്ടു നന്നാക്കപ്പെട്ടു. ഠരം പഴയ പണികളെ നന്നാക്കി പൂൎവസ്ഥിതിയിൽ ആക്കുന്നതിനും പു

ത്തനായി കൂടുതൽപണികൾ ചെയ്തു പൂൎണ്ണോപയോഗവസ്തുകളാക്കുന്നതിനും ആകൊല്ലംമുതൽ വളരെ പണം ചിലവുചെയ്തിട്ടുണ്ടു.

കോതയാർപണി.

തെക്കെ ഡിവിഷനിൽ വെള്ളമടച്ചു സൂക്ഷിക്കുന്ന വകക്കു അനേകം കുളങ്ങൾഉണ്ടു. അവയേയും ൧൦൮൦കാലത്തിനിടക്കു സുസ്ഥിതിയിൽ ആക്കീട്ടുണ്ടു. മേൽവിവരിച്ച കൃഷിമരാമത്തു പണികൾക്കായി തെക്കെഡിവിഷനിൽ ഉള്ള പഴയ കൃഷിമരാമത്തു പണികളെ വേണ്ട അററകുററം എല്ലാംതീൎത്തു കൂടുതൽപണിയും ചെയ്തു സുസ്ഥിതിയിൽ ആക്കിയെന്നുവരികിലും അവിടത്തെ ആവശ്യത്തിനു അതുകൊണ്ടു മതിയായില്ലെന്നു കാണപ്പെടുകയും തന്നിമിത്തം കൂടക്കൂടെ കൃഷിദോഷം ഉണ്ടാകയും ചെയ്തുവന്നു. ഇപ്പോൾ വെള്ളംപായുന്ന സ്ഥലങ്ങളിൽ ധാരാളം വെള്ളംകിട്ടാത്തതുകൊണ്ടും വെള്ളച്ചാൽ ഇല്ലാത്തതുകൊണ്ടു കൃഷിയില്ലാതെ വളരെ വിസ്തീൎണ്ണമായ പ്രദേശം കിടക്കുന്നതുകൊണ്ടും ഇനിയും കൂടുതലായി കൃഷിമരാമത്തുപണികൾ നടത്തിക്കേണ്ടതാണെന്നുള്ള ആലോചനക്കു ഇടയായി പേച്ചിപ്പാറയിൽ കോതയാററിൽ കുറുക്കെ ൧൦൮ ജാതിയടിനീളം ൯൨ ജാതിയടി പൊക്കത്തിൽ ചെങ്കൽകൊണ്ടു ഒരു അണകെട്ടി ആവെള്ളത്തെ ൧൧ മയിൽ നീളത്തിൽ പഴയാററിലെക്കു പായിക്കുന്നതിനു വേണ്ട പണി ചെയ്തുവരുന്നു.

റെയിൽവെ.

ഈ സംസ്ഥാനത്തിൽ ലൈററ് റെയിൽവെ സൎക്കാർ ചിലവിന്മേൽ നടപ്പാക്കുന്നതിനു വളരെക്കാലംകൊണ്ടാലോചിക്കയും അതിലേക്കു വഴി സൎവ്വെചെയ്തു അടങ്കൽ തയാറാക്കയും ചെയ്തുവന്നു. എന്നാൽ അപ്പഴപ്പോൾ കണ്ട ചില കാരണത്തിന്മേൽ ൧൦൮൦ എൎപ്പാടിന്റെ ആലോചന നിറുത്തിവെക്കപ്പെട്ടു. കൊല്ലംവരെ തെന്നിൻഡ്യൻ റെയിൽവെ നടപ്പാക്കുന്നവകക്കു സ്ഥലത്തെ വീണ്ടും സൎവ്വെചെയ്യുന്നതിനു ഗവൎന്മെൽ ഇൻഡ്യാ ഗവൎമ്മെണ്ട അനുവദിച്ചു. സൎവ്വേക്കുള്ള ചിലവ് ൧൦൮൦ ഗവൎമ്മെ

ന്റിൽനിന്നു മുൻപേറായികൊടുക്കാമെന്നും നിശ്ചയിച്ചു. ഇതിനെക്കുറിച്ചു എഴുത്തുകുത്തുകൾ നടത്തി റെയിൽവെ പണിനടത്തിവരുന്നു. സൗത്ത് ഇൻഡ്യൻ റെയിൽവെ കമ്പനിക്കാർ ഒരം പണിക്കുവേണ്ടപണം ഉണ്ടാക്കുന്നതുവരെ വേലനടപ്പിലെക്കായി ൧൫ ലക്ഷം രൂപാ പലിശകൂടാതെ ആ കമ്പനിക്കാൎക്കു മുമ്പേറായി കൊടുക്കാമെന്നു ഗവൎമ്മേന്റിൽനിന്നു സമ്മതിച്ചു ഇരിക്കുന്നു. റെയിൽവേക്കു വേണ്ട സ്ഥലം വിലകൊടുത്തു കുടികളിൽനിന്നു ഒഴിപ്പിച്ചു കമ്പനിക്കാരെ ഏല്പിച്ചിട്ടുണ്ടു. പണി ഏകദേശം മുഴുവൻ തീൎന്നിരിക്കുന്നു. താമസിയാതെ റെയിൽവെ നടപ്പാകും.

വിദ്യാഭ്യാസം.

സാമാന്യം

പ്രജകളുടെ ഇടയിൽ വിദ്യാഭ്യാസ പ്രചാരത്തിനായി സൎക്കാരിൽനിന്നു ഇദം പ്രഥമമായി ക്രമമായ രീതിയിൽ ഉദ്യമിച്ചതു ൧൮൩൪-ാം വൎഷത്തിൽ ആയിരുന്നു. ആ കൊല്ലത്തിൽ ഇപ്പഴത്തെ കാളേജിന്റെ ബീജമായി മഹാരാജസ് ഫ്രീ സ്കൂൾ (മഹാരാജാവിന്റെവക ധൎമ്മപാഠശാല) എന്നു പ്രസിദ്ധമായ ഒരു ഇംഗ്ലീഷ് പാഠശാല തിരുവനന്തപുരത്തു ആരംഭിക്കപ്പെട്ടു. കുറെക്കാലം കഴിഞ്ഞപ്പോൾ ഏതാനും പുറസ്ഥലങ്ങളിലും ഇംഗ്ലീഷ് പാഠശാലകൾ ആരംഭിക്കപ്പെട്ടു. ൧൮൬൫-ാമാണ്ടിൽ മലയാളം 'പള്ളിക്കൂടങ്ങൾ ഏൎപ്പെടുത്തി. മലയാളം പള്ളിക്കൂടങ്ങളും ഇംഗ്ലീഷ് പാഠശാലകളും രണ്ടു പ്രത്യേകം ഡിപ്പാൎട്ടുമെൻറുകളായി നടത്തി ഭരിക്കപ്പെട്ടുവന്നു. ൧൯൦൯-ാമാണ്ടു വിദ്യാഭ്യാസ ഡിപ്പാൎട്ടുമെൻറ നവീകരിക്കപ്പെട്ടു. ഇംഗ്ലീഷ് പാഠശാലകളും മലയാളം പാഠശാലകളും എന്നീ പ്രത്യേകം രണ്ടുവകപ്പുകളായിരുന്നതു നിൎത്തൽചെയ്യപ്പെട്ടു. ഇംഗ്ലീഷോ മലയാളമോ പഠിപ്പിക്കുന്നതായ എല്ലാപാഠശാലകളും ഒന്നിച്ചു ഭരണവിഷയത്തിലും പരിശോധനാ വിഷയത്തിലും മൂന്നു റെഞ്ജു ഇൻസ്പെക്ടൎമാരുടെ വരുതിയിൽ ആക്കപ്പെട്ടു. ഇവർ ഗവൎമ്മേന്റിലേക്കു നേരിട്ടു എഴുത്തുകുത്തു ചെയ്യുന്നതാണെന്നും നിശ്ചയിക്കപ്പെട്ടു. ബാലന്മാൎക്കുള്ള ആൎട്ട്സ് കാളേജു, ബാലികകൾക്കുള്ള

ആൎട്ട്സ് കാളേജ, ലാകാളേജ്, സംസ്കൃത പാഠശാല, നാൎമ്മൽസ്കൂൾ, കരകൌശല വിദ്യാശാല, മാതൃകാകൃഷിസ്ഥലം എന്നീ തിരുവനന്തപുരത്തുള്ള വിദ്യാലയങ്ങൾ മുമ്പിലത്തെപ്പോലെ അതതിലെ പ്രധാനികളുടെ വരുതിയിൽതന്നെ ആയിരുന്നു. "തിരുവിതാംകോട്ടു വിദ്യാഭ്യാസ ചട്ടങ്ങൾ" എന്നും "തിരുവിതാംകോട്ടു സാഹായികധനചട്ടങ്ങൾ"എന്നും രണ്ടുവിധം ചട്ടങ്ങൾ നടപ്പാക്കീട്ടുണ്ടു. സാഹായികധനം കൊടുക്കുന്ന വിഷയത്തിൽ ഗവൎമ്മേന്റിൽനിന്നു അനുവൎത്തിച്ചുവരുന്ന നീതി കുടികളുടെ പ്രയത്നത്തെ ഉപയോഗിക്കയും എന്നാൽ യോഗ്യതാവിഷയത്തെ മുഖ്യമായി ഗണിക്കയും, കുടികളുടെ പ്രയത്നത്തെ പോഷിപ്പിക്കയും പ്രോത്സാഹിപ്പിക്കയും അതു ആവശ്യത്തിനു മതിയാകാതിരിക്കുന്നേടത്തു അതിനെ പൂൎത്തിയാക്കയും കുടികളുടെ ശ്രമം ഇല്ലാതിരിക്കുന്നേടത്തു സൎക്കാരിൽ നിന്നുതന്നെ ശ്രമം ചെയ്കയും ആകുന്നു. ഈ സിദ്ധാന്തത്തെ അനുവൎത്തിക്കകൊണ്ടു സ്ഥലത്തെ ആവശ്യത്തിനുമതിയാകുന്നവയായി സൎക്കാർവകയല്ലാത്ത പാഠശാലകൾ ഉള്ള സ്ഥലങ്ങളിൽ സൎക്കാരിൽനിന്നു പാഠശാലകൾ ആരംഭിക്കുന്നില്ല. ഏതേതു ഡിസ്ത്രിക്ക്കളിൽ വിദ്യാഭ്യാസം കുറവാണെന്നു കാണപ്പെടുന്നുവൊ അവിടങ്ങളിൽ വേണ്ട പാഠശാലകൾ സൎക്കാരിൽനിന്നു ഉണ്ടാക്കീട്ടുമുണ്ടു.

സ്ത്രീവിദ്യാഭ്യാസം.

സ്ത്രീ വിദ്യാഭ്യാസത്തിന്റെ സ്ഥിരമായവൎദ്ധനം ഇക്കാലത്തിന്റെ ഒരു പ്രധാനലക്ഷണം ആകുന്നു. പാഠശാലയിൽ ചേൎന്നു പഠിക്കാവുന്ന പ്രായത്തിൽ ഉള്ള ബാലികകളുടെ മൊത്തംഎണ്ണത്തിൽ നൂററിനു ൨. ൩ വീതം എണ്ണം കുട്ടികൾമാത്രമെ ൧൦൬൫-ാമാണ്ടിൽ പാഠശാലകളിൽ പഠിച്ചുവന്നിരുന്നൊള്ളു. ഇപ്പോൾ നൂററിനു ൧൩. ൨ വീതം എണ്ണം ബാലികകൾ പഠിച്ചുവരുന്നു. എല്ലാതരത്തിലുള്ള പാഠശാലകളിലും ബാലികകളെ പീസുകൂടാതെ പഠിപ്പിക്കയാകുന്നു. ആൺ വാദ്ധ്യാന്മാർ പഠിപ്പിക്കുന്ന പാഠശാലകളിൽ പ്രാപ്തിയായ പെൺകുട്ടികളെ പഠിക്കാൻ സമ്മതിക്കുന്നതു ശരിയല്ലെന്നു ഇപ്പോൾപരക്കെ അഭി

പ്രായം ജനിച്ചിരിക്കകൊണ്ടു പെൺപള്ളിക്കൂടങ്ങളിൽ കഴിയു ന്നതും പെൺവാധ്യന്മാരെത്തന്നെ നിയമിക്കുന്നതിനു നല്ലപരി ശ്രമം ചെയ്യപ്പെട്ടുവരുന്നുണ്ടു. വാധ്യാർപണിക്കു പെൺകുട്ടിക ളെ പഠിപ്പിക്കുന്നതിനു ഒരു പാഠശാല ഏൎപ്പെടുത്തി അതിൽഉള്ള കുട്ടികൾക്കെല്ലാം സ്കാളർഷിപ്പു കൊടുത്തുവരുന്നു. വാധ്യാർപ ണിക്കു പെൺകുട്ടികളെ പഠിപ്പിക്കുന്നതിനു മദ്രാസിൽ ഉള്ള പാ ഠശാലയിൽ ആണ്ടുതോറം രണ്ടു പെൺകുട്ടികളെ അയച്ചു പഠി പ്പിച്ചുവരുന്നു. ഇവിടെയുംമദ്രാസിലും എഫ്, എ, ബി, എ, എ ന്നിപരിക്ഷകൾക്കു പഠിക്കുന്നതിനു ബാലികകൾക്കു സ്കാളർഷി പ്പുകൊടുത്തുവരുന്നു. മലയാം ഹൈസ്കൂളിൽ ഹൈസ്കൂൾസ്കൂ സ്സുകളിൽ ഉള്ള കുട്ടികൾക്കു സ്കാളർഷിപ്പു കൊടുത്തുവരുന്നു.

അധ്യാപകവൃത്തി.

അധ്യാപകവൃത്തിക്കു ആണുങ്ങളെ പഠിപ്പിക്കാൻ രണ്ടു പാഠശാലകളും ബാലികകളെ പഠിപ്പിക്കാൻ ഒരു പാഠശാല യും ഗവൎമ്മേന്റിൽനിന്നു ആരംഭിച്ചു നടത്തപ്പെട്ടുവരുന്നു. ഇതു കൂടാതെ സൎക്കാരിൽനിന്നു സാഹായികധനം വാങ്ങിക്കുന്നവയാ യി ൮ പാഠശാലകളും ഉണ്ടു. അധ്യാപക വൃത്തിക്കുള്ള യോഗ്യ തയെ നിൎണ്ണയിക്കുന്നതിനായി മലയാം പള്ളിക്കൂടം വാധ്യാർപ ണിക്കു രണ്ടുതരത്തിലും ഇംഗ്ലീഷ് പള്ളിക്കൂടം വാധ്യാർ പണിക്കു മൂന്നുതരത്തിലും ഉള്ള പരീക്ഷകൾ ഏൎപ്പെടുത്തപ്പെട്ടിട്ടുണ്ടു.

കൃഷിശാസ്ത്രാഭ്യാസം.

കൃഷിശാസ്ത്രത്തിന്റെയും വാസ്തവത്തിൽ കൃഷിചെയ്യേ ണ്ട വിധത്തിന്റെയും പ്രഥമതത്വങ്ങൾ പഠിപ്പിക്കുന്നതിനു ൧൦൮൦-ാം വൎഷത്തിൽ ഒരു ഏൎപ്പാടു ചെയ്യപ്പെട്ടു. ഇതിലേക്കു കൃഷിയിൽ പരിശീലിതനായ ഒരു ശാസ്ത്രജ്ഞന്റെ വരുതിയിലാ യി ഒരു മാതൃകാ കൃഷിസ്ഥലം തിരുവനന്തപുരത്തിനു സമീപ ത്തു ആദ്യമായി ഉണ്ടാക്കപ്പെട്ടു. ഈ സ്ഥലത്തു കൃഷിശാസ്ത്രം പഠി പ്പിക്കുന്നതിനു ഒരു പാഠശാലയും ആരംഭിക്കപ്പെട്ടു. ഇതിൽ പ്രാ

ഥമിക പാഠശാലയിലുള്ള വാദ്ധ്യാന്മാരും മററു ചിലരും കൃഷിശാസ്ത്രത്തിന്റെ പ്രഥമതന്ത്രം പഠിപ്പിക്കപ്പെട്ടുവരുന്നു.

കരകൌശലവിദ്യാശാല

ഇതിൽ പാഠശാല ആരംഭിച്ചതു ൧൦൬൨മാണ്ടിൽ ആണു് ഇതിന്റെ ഘടനയെയും നടത്തുന്നതിനെയും വിവരിച്ച ചട്ടങ്ങളും അനുവദിക്കപ്പെട്ടു. പാഠശാലയിൽ രണ്ടു ശാഖകൾ ഉണ്ടു്. ഒന്നു തൊഴിലും മറെറാന്നു കലാവിദ്യയും ആകുന്നു തൊഴിൽ എന്ന ഇനത്തിൽ ഇരുമ്പിൽ ചിത്രപ്പണി, കമ്പിളി നെയ്യുക, മരത്തിലും, ദന്തത്തിലും മററും കൊത്തുവപണി വിഞ്ഞാണം ഭരണിമുതലായവ ഉണ്ടാക്കുവയും, കലാവിദ്യയെന്ന ഇനത്തിൽ ചിത്രമെഴുത്തിനുവേണ്ട മാർഗ്ഗങ്ങളും പഠിപ്പിക്കപ്പെട്ടുവരുന്നു.

സംസ്കൃതപാഠശാല

ഇതു ൧൦൪൫-ാം വഷത്തിൽ ആരംഭിക്കപ്പെട്ടു. വ്യാകരണം, കാവ്യങ്ങൾ, ന്യായം, വേദാന്തം, ജോതിഷം ഈ വിഷയങ്ങൾ ഇതിൽ പഠിപ്പിക്കപ്പെട്ടുവരുന്നു. ശാസ്ത്രിപരിക്ഷ, ഉപാധ്യായപരീക്ഷ, മഹോപാധ്യായപരീക്ഷ എന്നീ മൂന്നുപരീക്ഷകൾ ആണ്ടുതോറും നടത്തപ്പെട്ടുവരുന്നു. അധ്യാപകന്മാരിൽ സംസ്കൃതഭാഷാ പ്രവീണന്മാരായി ചിലരുണ്ടു. പുരാതന ഗ്രന്ഥങ്ങളെയും ഇദംപ്രഥമമായി അച്ചടിക്കാൻ ഏർപ്പാടുചെയ്തിട്ടുണ്ടു.

ലാകാളേജ്

൧൦൪൯-ാം വഷംവരെ ആട്ട്സ് കാളേജിനൊടുചേന്നു ഒരു ലാക്ളാസു ഉണ്ടായിരുന്നതെയുള്ളു. ആയാണ്ടിൽ ലാകാളേജു പ്രത്യേകമായിസ്ഥാപിക്കപ്പെട്ടു. ഇതിൽ വക്കീൽ പരിക്ഷക്കും മദ്രാസ് യൂനിവെർസിററിയിൽചെന്ന എഫ്, എൽ; ബി, എൽ എന്നീ പരീക്ഷകൾക്കും വിദ്യാത്ഥികൾ പഠിപ്പിക്കപ്പെട്ടുവരുന്നു.

സവെ സ്കൂൾ

റവന്യു ഡിപ്പാട്ട്മെന്റിലും ജുഡിഷ്യൽ ഡിപ്പാട്ടുമെന്റിലും ഉള്ള കീഴ് ജീവനക്കാരെയും ഈവിഷയം പഠിക്കാൻ ആഗ്ര

ഠഠം ഉള്ള മററുള്ളവരെയും സൎവ്വെ പഠിപ്പിക്കാനായി ഗവൎൻമെൻറിൽ ഒരു സൎവ്വെസ്കൂൾ തുടങ്ങി നടത്തപ്പെട്ടുവരുന്നു.

എഡ്യുക്കേഷനൽ ബോൎഡുകൾ.

ഓരോ സ്ഥലത്തു ജനസ്വാധീനവും പരജന ഗുണകാംക്ഷയും ഉള്ളവരുടെ സഹായത്തെയും സാധൎമ്മ്യത്തെയും വിദ്യാഭ്യാസവിഷയത്തിൽ സമ്പാദിക്കുന്നതിലെക്കായി സ്ഥലത്തെ ഉദ്യോഗസ്ഥന്മാർ അല്ലാത്ത സാമാജികന്മാർ അധികമായി ചെൎന്നിട്ടുള്ള എഡ്യുക്കെഷനൽ ബൊൎഡുകൾ (വിദ്യാഭിവൃദ്ധി സമാജങ്ങൾ) അവിടവിടെ സ്ഥാപിക്കപ്പെട്ടിട്ടുണ്ടു.

ലക്ച്യുവർ കമ്മിററി

ഓരോ വിഷയങ്ങളെക്കുറിച്ചു ഉപന്യാസങ്ങൾ എഴുതി ജനങ്ങളെ ഗ്രഹിപ്പിക്കുന്നതിനായി ഒരു സമാജം ൧൮൭൭-ാമാണ്ടിൽ നിയമിക്കപ്പെട്ടു. ഉപന്യാസങ്ങൾ ഇംഗ്ലീഷിലൊ നാട്ടുഭാഷയിലൊ വേണ്ടതും ശാസ്ത്രവിഷയമൊ സാഹിത്യവിഷയമൊ ജനൊപയോഗമായ വിഷയമൊ ആയിരിക്കേണ്ടതും ആകുന്നു. ഓരോ ഉപന്യസ്താവിനു പ്രതിഫലം കൊടുക്കപ്പെടുന്നുണ്ടു. ഇക്കാൎയ്യം നടത്തുന്നതിനു യോഗ്യന്മാരായ യൂറോപ്യന്മാരും നാട്ടുകാരും ചെൎന്ന ഒരു സംഘം നിയമിക്കപ്പെട്ടിട്ടുണ്ടു.

പാഠപുസ്തകസംഘം.

ഇംഗ്ലീഷിലും നാട്ടുഭാഷകളിലും ഉചിതങ്ങളായ പാഠപുസ്തകങ്ങളെ തിരിഞ്ഞെടുക്കുന്നതിനും പുതുതായി ഉണ്ടാക്കിക്കാൻ ഏൎപ്പാടുചെയ്യുന്നതിനും ആയി ആൎട്ട്സ്കാളേജിലെ പ്രിൻസിപ്പാലിന്റെ ആധ്യക്ഷത്തോടുകൂടി ഒരു സമാജം നിയമിക്കപ്പെട്ടിരിക്കുന്നു.

ആൎക്കിയലാജിക്കൽ സൎവ്വെ.

(പുരാതന വസ്തുസംഗ്രഹണം)

ഈ സംസ്ഥാനത്തിലെ പൂൎവ്വചരിത്രത്തെയും ഭാഷാദിചരിത്രത്തെയും സംബന്ധിച്ച ലഭ്യങ്ങളായ ലക്ഷ്യങ്ങളെ ശേഖരിച്ചു

പരിശോധിക്കുന്നതിലെക്കായി ആൎക്കിയലാജിക്കൽ സൎവെ ഡിപ്പാൎട്ടമെൻറ ൧൦൮൪-ാമാണ്ടു ആരംഭിക്കപ്പെട്ടു. ഇതിലെ ജോലി പുരാതന ലെഖനങ്ങളെയും, പൂൎവ്വ ചരിത്ര സംബന്ധമായ മററു സംഗതികളെയും ശെഖരിക്കയും പകൎത്തിയെടുക്കയും അൎത്ഥവിവെചനം ചെയ്കയും ആകുന്നു.

സൎക്കാർജീവനം,

സൎക്കാർ ജീവനക്കാരുടെ യോഗ്യതയെയും നടത്തയെയും ഗുണത്തെയും നന്നാക്കുന്നതിലെക്കായി അനേകം ഏൎപ്പാടുകൾ കഴിഞ്ഞ പതിനെട്ടു കൊല്ലങ്ങൾക്കിടയിൽ ചെയ്യപ്പെട്ടിട്ടുണ്ടു. ഓരൊ തുറയിലും ഓരൊ തരത്തിലുള്ള ജീവനങ്ങൾ ലഭിക്കുന്നതിനു ഇന്ന പരീക്ഷ ജയിച്ചവർ വേണം എന്നു വിധിക്കയും സൎക്കാർ ജീവനത്തിൽ പ്രവേശിക്കാൻ പൊതുവെയായും പ്രത്യേക ജീവനങ്ങൾക്കായും പരീക്ഷകൾ സൎക്കാരിൽ നിന്നുതന്നെ സ്ഥാപിക്കയും ചെയ്തിട്ടുണ്ടു. ജഡ്ജികൾ, മുൻസിഫുകൾ, മജിസ്ത്രേട്ടുകൾ മുതലായ ഉദ്യോഗസ്ഥന്മാൎക്കും കണക്കു തുറയിലും രായസം തുറയിലും ഉള്ള ജീവനക്കാൎക്കും ശമ്പളം കൂട്ടികൊടുക്കയും അവധിച്ചട്ടത്താലും അടുത്തൂൺ ചട്ടത്താലും ഉള്ള ഗുണത്തെ വൎദ്ധിപ്പിക്കയും അധികം ജീവനക്കാൎക്കു ഉപയോഗപ്പെടത്തക്ക വിധത്തിൽ വ്യാപിയാക്കയും ഡിവിഷൻ പെഷ്കാൎമാരുടെയും പൊതു സംഗതികളെ തീൎച്ചചെയ്യുന്ന മററു ഉദ്യോഗസ്ഥന്മാരുടെയും അധികാരത്തെ പരിച്ഛേദിച്ചു വ്യവസ്ഥപ്പെടുത്തുകയും കൂട്ടുകയും സൎക്കാർ ജീവനക്കാരുടെ നടത്തയെക്കുറിച്ചു വിചാരണ ചെയ്യുന്നതിനെ ക്രമപ്പെടുത്തുന്നതിനു ചട്ടങ്ങൾ ഉണ്ടാക്കുകയും ചെയ്തിട്ടുണ്ടു. സൎക്കാർ ജീവനക്കാർ, വിശിഷ്യ കീഴ് ജീവനത്തിൽ ഉള്ളവർ കുഡുംബ സംരക്ഷണത്തിനു വേണ്ട മുതൽ ഉണ്ടാക്കി വെക്കുന്നതിനു അവരെ ശക്തന്മാരാക്കുന്നതിലെക്കായി ൧൦൭൯-ാമാണ്ടു സൎക്കാരിൽനിന്നു രക്ഷാഭോഗം ഏൎപ്പാടു അനുവദിക്കപ്പെട്ടു. ഇതിലെ ജോലി ഡർബാർ ഫിസിഷ്യന്റെ ആദ്ധ്യക്ഷത്തിൻ കീഴിലുള്ള ഒരു കമ്മിററി നടത്തിവരുന്നു.

ശുഭേച്ഛ.

ഇപ്രകാരം ഈ രാജ്യത്തിലെ ക്ഷേമാഭിവൃദ്ധിക്കുവേണ്ടി വിദ്വജ്ജന മാന്യനായിരിക്കുന്ന നമ്മുടെ പൊന്നുതമ്പുരാൻപ്രതിദിനം പ്രകടിച്ചുവരുന്ന ശ്രദ്ധയും മഹാ മനസ്സത്വവും പ്രജാവാത്സല്യവും ഉത്തരോത്തരം വർദ്ധിച്ചു വരുന്നതായി കാണപ്പെടുന്നു. അപരിമിതങ്ങളായ ഗുണഗണങ്ങൾക്കു ഇരിപ്പിടമായ തിരുമനസ്സിലെ തിരുവായുസ്സിന്നു ജഗദീശ്വരൻ ദീർഘമാക്കിചെയ്യുമാറാകണം.

VIVAT VANCHISA.